25 years

Kandanad

Diocesan
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 4 No. 12, 15 December 2016

എഡിറ്റോറിയൽ

# പരമാവധി പ്രയോജനപ്പെടുത്തുക

**ഞാ**ൻ സ്കൂളിൽ ജോലി ചെയ്യുന്ന കാലം. അന്നും ഞാൻ ഡയോസിസൻ ബുള്ളറ്റിന്റെ വായനക്കാരനാണ്. സ്കൂൾ അഡ്രസ്സിലാണ് എനിക്ക് മാസിക വരുന്നത്. അതെന്റെ പക്കൽ എത്തുന്നതിന് മുമ്പുതന്നെ എന്റെ ഒരു സഹപ്രവർത്തകൻ അതു കൈക്കലാക്കും. കൃഷ്ണൻസാർ. നല്ല വായനാശീലമുള്ള ഒരു സുഹൃത്താണ് അദ്ദേഹം. വായിക്കുകയും വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്ന ശീലക്കാരൻ. ഒരിക്കൽ അദ്ദേഹം വായിച്ചശേഷം മാസിക എനിക്കു തരാനായി വന്നു. ''സാറേ, ഇതു നിങ്ങളുടെ സഭാമാസികയാണല്ലോ. ഇതിലെ മെത്രാപ്പോലീത്തായുടെ കത്ത് നിങ്ങളുടെ പള്ളിയിൽ വായിച്ച് ചർച്ച ചെയ്യാറുണ്ടോ?'' സാറിന്റെ ചോദ്യം കേട്ട് ഞാൻ അല്പമൊന്നു പരുങ്ങി. എങ്കിലും ഞാൻ പറഞ്ഞു. ''ഇല്ല, അങ്ങനെയൊരു സംഭവമുണ്ടായിട്ടില്ല.'' ''അതു വളരെ കഷ്ടമാണ്. ഇതൊക്കെ നിങ്ങളുടെ ആളുകൾ അറിയേണ്ട കാര്യങ്ങളാണ് '' കൃഷ്ണൻ സാർ തുടർന്നു. ''ഞാൻ ഈ കത്തുകൾ എല്ലാം വായിക്കാറുണ്ട്. ഇതൊക്കെ ആളുകൾ വായിക്കണം. ചർച്ച ചെയ്യണം. എന്നേക്കൂടി അറിയിച്ചാൽ ചർച്ചക്ക് ഞാനും വരാം. അതിൽ പങ്കുചേരാം. ഇല്ലെങ്കിൽതന്നെ പ്രതികരിക്കാൻ വിവരമുള്ള ആളുകൾ നിങ്ങളുടെ കൂടെത്തന്നെയുണ്ടല്ലോ. ഇത്തരം ലേഖനങ്ങളൊന്നും ഞങ്ങളുടെ ആളുകൾക്ക് വായിക്കാൻ കിട്ടുന്നില്ലല്ലോ എന്നതാണെന്റെ ദുഖം.''

എനിക്ക് ഡയോസിസൻ ബുള്ളറ്റിനെക്കുറിച്ച് അഭിമാനം തോന്നിയ ഒരു സംഭവമായിരുന്ന അത്. ഒപ്പം തന്നെ ആപ്രസിദ്ധീകരണത്തെവേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ലല്ലോ എന്ന ദുഖവും.

1990 മെയ് 3 ന് ആയിരുന്നു ഡോ.തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത അഭിഷിക്തനായത്. ആ വർഷം ആഗസ്റ്റ് 15 ന് ഡയോസിസൻ ബുള്ളറ്റിന്റെ ആദ്യലക്കം പുറത്തിറങ്ങി കണ്ടനാട് ഭദ്രാസനത്തിനൊരു പ്രസിദ്ധീകരണം. ഭദ്രാസനത്തെ സംബന്ധിച്ചിടത്തോളം ആദ്യ സംഭവമായിരുന്നു അത്. മാസികയുടെ ലക്ഷ്യം ലളിതം. ഭദ്രാസന നേതൃത്വവും ഇടവകജനങ്ങളും പരസ്പരം അടുത്തറിയുക, ആശയങ്ങൾ കൈമാറുക, ഒരുമിച്ചു മുന്നേറുക. അടുത്ത കാലത്ത് ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ മെത്രാപ്പോലീത്ത മാസിക സംബന്ധിച്ചയച്ച ചോദ്യങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി നൽകിയിരുന്നു. ആവർത്തനം ആവശ്യമില്ല.

ഒരു കാര്യം വ്യക്തമാക്കട്ടെ. ഏതൊരു തരത്തിലുള്ള അറിവിനോടും ഡയോസിസൻ ബുള്ളറ്റിന് അയിത്തമില്ല. ഏതു വിഷയവും അതിൽ ചർച്ച ചെയ്യും. മെത്രാപ്പോലീത്തയുടെ കത്ത് തന്നെയാണ് ഏറ്റവും നല്ല തെളിവ്. സ്വർല്ലോകപ്രവേശനം മുതൽ സ്വവർഗ്ഗ വിവാഹം വരെ അതിൽ ചർച്ച ചെയ്യപ്പെടുന്നു. എല്ലാം ക്രിസ്തീയ കാഴ്ചപ്പാടിൽ മാത്രം.

അതല്ല പ്രശ്നം. മെത്രാപ്പോലീത്തായുടെ കത്തുകളിലെ ആശയങ്ങൾ വിശ്വാസ സമൂഹത്തിൽ എത്തുന്നുണ്ടോ, അവയോട് അവർ പ്രതികരിക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. ഉണ്ടെന്നു പറയാൻ കഴിയുന്നില്ല. മുട്ടയിടുന്ന കോഴിക്കേ തുത്തിലെ വേദനയറിയൂ എന്നു പറയാറുണ്ടല്ലോ. ലേഖനമെഴുത്തും ഒരു മുട്ടയിടൽ-പ്രസവം തന്നെയാണ്. അതിലുമുണ്ട് അദ്ധ്വാനവും ക്ലേശവും. മുട്ട തിന്നുന്നവൻ പിട

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**പരമാവധി പ്രയോജനപ്പെടുത്തുക** .............. 1

**രാജ്യസുരക്ഷാ സങ്കല്പം: പുന:പരിശോധന ആവശ്യം-2** ...................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ദയയും സ്നേഹവും നിങ്ങളുടെ പ്രവൃത്തികളെ നയിക്കട്ടെ** ............ 7
എ. പി. കെ. കുട്ടി

**ശബത് മനുഷ്യനുവേണ്ടി** ........................... 8
ഡോ. തോമസ് മാർ അത്താനാസ്യോസ്

**അച്ഛനാരാ മോൻ!** ........................................ 11
മുണ്ടമറ്റം രാധാകൃഷ്ണൻ

**ഏവൻഗേലിയോൻ വായനപ്പടി-2016** ...... 13
ഫാ. ഷിബു കുര്യൻ

**മലയാള വേദപുസ്തകത്തിന്റെ കഥ** ....... 15
ബിജു ഏലിയാസ്


ക്കോഴിയുടെ നോവറിയുന്നില്ല. പ്രസവിക്കാത്തവർ പ്രസവ നോവും അറിയുന്നില്ല. തെരക്കിനിടയിൽ എത്ര തത്രപ്പെട്ടാണ് ഇവയൊക്കെ എഴുതി തയ്യാറാക്കുന്നത് എന്നാരറിയുന്നു? ആരു ചിന്തിക്കുന്നു? ഒരിക്കൽ ഞാനൊരു വീട്ടിൽ ചെന്നു. രണ്ടാഴ്ച മുമ്പയച്ച ബുള്ളറ്റിൻ അവിടെ മേശപ്പുറത്തു കിടപ്പുണ്ട്. അതിന്റെ പുറം പട്ട പൊട്ടിച്ചില്ല. അതിന്മേൽ കുറേ സംഖ്യകൾ എഴുതികൂട്ടുകയും കുറയ്ക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ബുള്ളറ്റിൻന്റെ ഒരു പുതിയ ഉപയോഗം! എന്നാൽ ബുള്ളറ്റിൻ കിട്ടാൻ രണ്ടു ദിവസം വൈകിയാൽ ഉടൻ വിളിക്കുന്നവരുമുണ്ട്.

മെത്രാപ്പോലീത്തയുടെ കത്തുകളിലെ ചിന്തകൾ ഇടവക ജനങ്ങളിൽ എത്തണം. എന്താണതിനു മാർഗ്ഗം? ഇപ്പോൾ എല്ലാ ഇടവകകളിലും തന്നെ കുടുംബയോഗങ്ങൾ ക്രമമായി നടക്കുന്നുണ്ട്. ഗ്രൂപ്പുകളായി തിരിച്ചാണ് അവ സംഘടിപ്പിക്കുന്നത്. ഓരോ ആഴ്ചയും ഓരോ ഗ്രൂപ്പിന്റെ യോഗം ചേരും. വീടുകൾ മാറി മാറിയാണ് ഇതു നടക്കുന്നത്. ഓരോ യോഗത്തിലെയും ചർച്ചാ വിഷയം ''മെത്രാപ്പോലീത്തായുടെ കത്ത്'' ആയിരിക്കണം. ഇക്കാര്യം മുൻകൂട്ടി അറിയിച്ച് കഴിവുള്ളിടത്തോളം പേരെ ചർച്ചയിൽ പങ്കെടുപ്പിക്കണം. പ്രതികരണം എപ്പോഴും കത്തിലെ ആശയങ്ങൾക്ക് അനുകൂലമായിരിക്കണമെന്നില്ല. വിമർശനാത്മകവുമാകാം. രണ്ടായാലും അഭിപ്രായങ്ങൾക്ക് അടിസ്ഥാനമുണ്ടായിരിക്കണം. ഭിന്ന ഗ്രൂപ്പുകളുടെ ഓരോ സമ്മേളനത്തിലും ഇതു തന്നെ നടക്കണം. അങ്ങനെയായാൽ ഇടവകാംഗങ്ങൾക്കെല്ലാം അതാതുമാസത്തെ മെത്രാപ്പോലീത്തായുടെ കത്തിലെ ആശയങ്ങൾ മനസ്സിലാക്കാനാവും. ബുള്ളറ്റിന്റെ ഉദ്ദേശ്യം സഫലമാകും. ഭദ്രാസനത്തിലെ വൈദികർ വിദ്യാസമ്പന്നരാണ്. അവർക്കിത് വിജയകരമായി നടത്താൻ സാധിക്കും. കുടുംബയോഗങ്ങളിലെ പഠനത്തിന് വിഷയ ദാരിദ്ര്യമുണ്ടാകില്ല. ആവർത്തന വിരസത ഒഴിവാക്കുകയും ചയ്യാം. ആനുകാലിക വിഷയങ്ങളിൽ ജനത്തിന് അവബോധം വർദ്ധിക്കും. ഇടവക വികാരിയുടെ ഉത്സാഹം പദ്ധതിയുടെ വിജയത്തിൽ നിർണ്ണായകമാണ്.

നമുക്കെത്രയുണ്ട് എന്നതിനേക്കാൾ ഉള്ളത് എങ്ങനെ പ്രയോജനപ്പെടുത്തുന്നു എന്നതാണ് പ്രധാനം. അതിലാണ് ബുദ്ധി ആവശ്യമുള്ളത്. കണക്കില്ലാതെ പണം സമ്പാദിച്ചുകൂട്ടിയിട്ട് വിനിയോഗിക്കാനറിയില്ലെങ്കിലോ? നമ്മുടെ പ്രസിദ്ധീകരണം നമ്മുടെയെല്ലാം സ്വത്താണ്. അത് പരമാവധി നമുക്കു പ്രയോജനപ്പെടുത്താൻ കഴിയണം. അതിനുള്ള മാർഗ്ഗങ്ങൾ നാം ആലോചിച്ചു കണ്ടെത്തണം. ഞാൻ ഒരു നിർദ്ദേശം വച്ചെന്നു മാത്രം. ബുള്ളറ്റിനിലെ ലേഖനങ്ങളോട് സജീവമായി പ്രതികരിക്കണം. പ്രതികരണങ്ങളും അഭിപ്രായങ്ങളും എഴുതിയറിയിക്കുക.

മാനേ.എഡിറ്റർ

*മെത്രാപ്പോലീത്തായുടെ കത്ത്*

# രാജ്യസുരക്ഷാ സങ്കല്പം: പുനഃപരിശോധന ആവശ്യം - 2

യുദ്ധത്തിൽ പാലിക്കപ്പെടേണ്ട സാമാന്യമര്യാദകളും മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടുള്ള അത്യന്തം മനുഷ്യത്വരഹിതമായ പ്രവൃത്തികളാണ് ഇൻഡ്യാ-പാക്കിസ്ഥാൻ അതിർത്തിയിൽ ഈയിടെ നടക്കുന്നത്. 2011-ൽ പാക്കിസ്ഥാൻ സൈനീകർ കുപ്പവാരയ്ക്ക് സമീപം അതിർത്തി കടന്ന് മൂന്ന് ഇൻഡ്യൻ പട്ടാളക്കാരെ വകവരുത്തി. അവരിൽ രണ്ടുപേരുടെ തല വെട്ടിയെടുത്ത് പാക്കിസ്ഥാനിലേക്ക് കൊണ്ടുപോയി. അവിടെ പ്രദർശനം നടത്തി. അതേ തുടർന്ന് ആഗസ്റ്റ് 30ന് 'ഓപ്പറേഷൻ ജിൻജർ' എന്ന പേരിൽ ഇൻഡ്യൻപട്ടാളം പ്രത്യാക്രമണം നടത്തി. എട്ടു പാക്കിസ്ഥാൻകാരെ വധിച്ചു. അവരിൽ മൂന്നുപേരുടെ ശിരസ്സ് ഛേദിച്ച് ഇൻഡ്യൻ അതിർത്തിക്കുള്ളിൽ കൊണ്ടുവന്ന് കുഴിച്ചുമൂടി. പിന്നീട് ഉയർന്ന സൈനീക ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം പുറത്തെടുത്ത് ദഹിപ്പിച്ച ശേഷം അവശേഷിപ്പുകൾ പുഴയിൽ ഒഴുക്കുകയും ചെയ്തു (The Hindu 9th Oct. 2016). അതിർത്തി സംരക്ഷണത്തിന്റെ പേരിൽ ക്രൂരതയുടെയും പ്രതികാരത്തിന്റെയും സമാനതളില്ലാത്ത കിരാത കൃത്യങ്ങളുടെ പരമ്പരയിലെ സംഭവങ്ങളാണിവയൊക്കെ. മൃതശരീരങ്ങളോടു പോലും പ്രകടമാക്കുന്ന നീചവും ബീഭത്സവുമായ ഇത്തരം നടപടികൾ മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നവയാണ്. കഴിഞ്ഞ ഏതാനും ആഴ്ചകളിലും ഈ വിധത്തിലുള്ള ക്രൂരതയുടെ ആവർത്തനമുണ്ടായി. ഇതിലൊക്കെ ആർക്കു നഷ്ടം! ഇൻഡ്യയിലും പാക്കിസ്ഥാനിലും എവിടെയൊക്കെയോ കഴിയുന്ന ഏതാനും കുടുംബാംഗങ്ങളിൽ ദുഃഖവും ഗത്ഗദവും വിലാപവും അണപൊട്ടുന്നു എന്നുമാത്രം! കൊല്ലപ്പെട്ടവർ രാജ്യസ്നേഹികളും, രക്തസാക്ഷികളും ധീരരുമായി പ്രഖ്യാപിക്കപ്പെടുന്നു. കൊല്ലുന്നവർ സാഹസികളും, ദേശാഭിമാനികളുമായി പ്രകീർത്തിക്കപ്പെടുന്നു. മനുഷ്യമനസ്സിന്റെ വൈകൃതങ്ങളുടെ ആഘോഷമാണ് ഇവിടെയൊക്കെ അരങ്ങേറുന്നത് എന്നാരും ചിന്തിക്കാറില്ല. മനുഷ്യഹൃദയങ്ങളിൽ പരസ്പര വിദ്വേഷവും പ്രതികാരദാഹവും വർദ്ധിപ്പിക്കുവാൻ മാത്രമേ ഈ അക്രമങ്ങളും അവയുടെ ആഘോഷങ്ങളുമൊക്കെ വഴിയൊരുക്കുകയുള്ളു. ഭരണകർത്താക്കൾക്കും രാഷ്ട്രീയക്കാർക്കും എന്തു ചേതം?

ജീവിക്കുവാൻ മാർഗ്ഗമന്വേഷിച്ച് പട്ടാളത്തിൽ ജോലി കണ്ടെത്തിയവരുടെ കുടുംബാംഗങ്ങൾ നിത്യ ദുഃഖിതരും അനാഥരും പാപ്പരുമായിത്തീരുന്നതു മാത്രം മിച്ചം. മനസ്സ് മരവിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ അതിർത്തി സംരക്ഷണത്തിന്റെ ഭാഗമായി ഭവിച്ചിരിക്കുകയാണ്. നിർവ്വികാരതയോടെ ഇതെല്ലാം നോക്കിക്കാണുവാൻ സുബോധമുള്ളവർക്ക് സാധ്യമാവുമോ? ഇൻഡ്യയും പാക്കിസ്ഥാനുമായി ഇതിനോടകം മൂന്നു യുദ്ധങ്ങൾ നടന്നു കഴിഞ്ഞു. എന്നിട്ടും ഇൻഡോ-പാക്കിസ്ഥാൻ അതിർത്തി ഇന്നും സംഘർഷപൂരിതമാണ്. ഓരോ ഏറ്റുമുട്ടലിലും സൈനീകരേക്കാളേറെ സാമാന്യ ജനങ്ങൾ കൊല്ലപ്പെടുന്നു. ഈ കത്ത് എഴുതുന്ന ദിവസവും ഇത് തുടരുന്നു. 'സർജിക്കൽ സ്ട്രോക്കിന്' ഇതു തടയാൻ കഴിഞ്ഞില്ല. നാല്പതിലധികം ഏറ്റുമുട്ടലുകൾ അതിനു ശേഷവും നടന്നു. അതിന്റെ അർത്ഥം സംഘർഷ ലഘൂകരണമല്ലാ നേരെമറിച്ച് അതിന്റെ വർദ്ധനയാണ് ഇത്തരം നടപടികൾ സൃഷ്ടിക്കുന്നത് എന്നാണ്.

ഈ ഏറ്റുമുട്ടലുകൾക്കു സമാന്തരമായി കാഷ്മീർ താഴ്വരയിൽ കഴിഞ്ഞ നാലുമാസമായി കാഷ്മീരി യുവാക്കളുടെ ഇൻഡ്യാ വിരുദ്ധ പ്രക്ഷോഭണം അരങ്ങേറുകയായിരുന്നു. കഴിഞ്ഞ രണ്ടാഴ്ചയായി പ്രത്യക്ഷ ചെറുത്തു നിൽപിന് ശമനമുണ്ടായിട്ടുണ്ട് എന്നുമാത്രം. എന്നാൽ അവരുടെ മനോഭാവത്തിന് മാറ്റമുണ്ടായിട്ടുള്ളതായി യാതൊരു സൂചനയും ഇല്ല. കൗമാര പ്രായത്തിലുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവരാണ് സമരത്തിൽ പങ്കെടുക്കുന്നതും സൈനീക നടപടികൾക്ക് വിധേയരാകുന്നതും. കുട്ടികൾ അടക്കം നൂറിലധികം പേർ ഏറ്റുമുട്ടലുകളിൽ കൊല്ലപ്പെട്ടു. ആയിരക്കണക്കിന് ആളുകൾക്ക് വെടിയും മർദ്ദനവുമേറ്റു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കഴിഞ്ഞ നാലുമാസമായി അടഞ്ഞു കിടക്കുന്നു. ചിലത് ഇപ്പോൾ പരീക്ഷണാർത്ഥം ശനി, ഞായർ ദിവസങ്ങളിൽ മാത്രം തുറന്നു പ്രവർത്തിക്കാൻ ശ്രമിക്കുന്നു. ഇൻഡ്യാ വിരുദ്ധ മനോഭാവം കാഷ്മീർ താഴ്വരയിൽ ജനവികാരമായി മാറിക്കഴിഞ്ഞു.

2016 ജൂലായ് 8-ാം തീയതി ഹിസ്ബുൾ മുജാഹിദിൻ എന്ന തീവ്രവാദി സംഘടനയുടെ കമാൻഡർ സുർഹാൻ വാണി ഇൻഡ്യൻ പട്ടാളക്കാരുമായുണ്ടായ ഏറ്റുമുട്ടലിൽ

കൊല്ലപ്പെട്ടു. അയാളുടെ ശവസംസ്കാരച്ചടങ്ങിൽ രണ്ടുലക്ഷം പേരാണ് പങ്കെടുത്തത്! പാക്കിസ്ഥാൻ പ്രധാനമന്ത്രി അദ്ദേഹത്തിന് രക്തസാക്ഷിസ്ഥാനം നൽകി ആദരിച്ചു. ഇതിനോടനുബന്ധിച്ചു നടന്ന പ്രക്ഷോഭമാണ് അടുത്ത ദിവസം വരെ നിലയ്ക്കാതെ തുടർന്നുകൊണ്ടിരുന്നത്. കാഷ്മീരിലെ ജനജീവിതം സ്തംഭിച്ചു. ഇതിനിടയിലായിരുന്നു ഉറി പട്ടാളക്യാമ്പിൽ പാക്കിസ്ഥാനിൽ നിന്നുള്ള തീവ്രവാദികളുടെ ആക്രമണവും കൂട്ടക്കൊലയും നടന്നത്. അതായത് പാക്കിസ്ഥാൻ സൈന്യത്തിന്റെ ഇടപെടലും അവിടെ നിന്ന് ഇൻഡ്യയിലേക്കു നുഴന്നു കയറുന്ന തീവ്രവാദികളുടെ ആക്രമണവും കാഷ്മീർ താഴ്വരയിലെ ചെറുപ്പക്കാരുടെ പ്രക്ഷോഭവുമെല്ലാം കൂടി ഇൻഡ്യാവിരുദ്ധ മനോഭാവം വ്യാപകമാക്കുകയാണ്.

ഇൻഡ്യാ പാക്കിസ്ഥാൻ സംഘർഷം അടുത്തകാലത്ത് ആരംഭിച്ചതല്ല. അതിന് ഇൻഡ്യാ വിഭജനത്തോളം പഴക്കമുണ്ട്. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചത് ഇൻഡ്യക്കും പാക്കിസ്ഥാനും ഒരുമിച്ചായിരുന്നു. വിഭജനം നടന്ന അന്നു മുതൽ മുസ്ലീം ഭൂരിപക്ഷമുള്ള കാഷ്മീരിനുമേൽ പാക്കിസ്ഥാൻ അവകാശവാദം ഉന്നയിച്ചു തുടങ്ങിയതാണ്. പാക്കിസ്ഥാൻ രൂപീകരണം കഴിഞ്ഞ് വൈകാതെ തന്നെ സൈനീക ഇടപെടലിലൂടെ കാഷ്മീരിന്റെ ഗണ്യമായ ഭാഗം പാക്കിസ്ഥാനിൽ ചേർക്കുകയും ചെയ്തു. എന്നാൽ കാഷ്മീർ രാജാവിന്റെയും കാഷ്മീരിലെ രാഷ്ട്രീയ നേതാവായിരുന്ന ഷെയ്ക് അബ്ദുള്ളയെയും ജനസ്വാധീനം കൊണ്ട് കാഷ്മീർ ഇൻഡ്യൻ യൂണിയനിൽ തുടരുകയാണുണ്ടായത്. വിഭജനത്തിന്റെ അടിസ്ഥാനം മതഭൂരിപക്ഷമായിരുന്ന നിലയ്ക്ക് കാഷ്മീർ പാക്കിസ്ഥാന് ലഭിക്കാത്തതിനാലാണ് ഇൻഡ്യാ-പാക്കിസ്ഥാൻ അതിർത്തിത്തർക്കം ആരംഭിച്ചത്. തുടർന്ന് യുദ്ധങ്ങളും തുടർച്ചയായ ഏറ്റുമുട്ടലുകളുമായി സ്വാതന്ത്ര്യം നേടിയിട്ട് ഏഴുപത് വർഷമായിട്ടും ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള അതിർത്തിത്തർക്കത്തിന് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടില്ല. കാഷ്മീരിന്റെ പകുതിയോളം പാക്കിസ്ഥാന്റെ അധീനതയിലാവുകയും ചെയ്തു.

എന്നാൽ ഇൻഡ്യൻ യൂണിയനിൽ തുടരുന്ന കാഷ്മീരി മേഖലയിലെ ജനങ്ങളുടെ വിശ്വാസം ആർജിക്കുവാൻ ഇന്ത്യക്ക് സാധിച്ചിട്ടില്ല. കാഷ്മീരിന് ഭരണഘടനപ്രകാരം തന്നെ പ്രത്യേക അവകാശ-സ്വാതന്ത്ര്യങ്ങൾ ഇൻഡ്യ നൽകി. അതിന്റെ ക്ഷേമത്തിനും വികസനത്തിനുമായി ഉദാരമായ സാമ്പത്തിക സഹായങ്ങൾ ഏർപ്പെടുത്തി. എന്നിട്ടും ഇൻഡ്യക്കനുകൂലമായ മനോഭാവം കാഷ്മീർ നിവാസികളിൽ സൃഷ്ടിക്കുവാൻ ഇതേ വരെ കഴിഞ്ഞിട്ടില്ല. ഇൻഡ്യക്കെതിരെയുള്ള പ്രക്ഷോഭങ്ങൾ നിരന്തരം നടക്കുന്നല്ലാതെ, ഇൻഡ്യക്ക് അനുകൂലമായി ഒരു ജനമുന്നേറ്റവും കാഷ്മീരിൽ നടക്കുന്നില്ല എന്ന കാര്യം നാം പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്. ഇൻഡ്യ, കാശ്മീർ ജനതയെ, അതിന്റെ സൈനീക ശക്തി കൊണ്ടു കീഴ്പ്പെടുത്തി നിർത്തിയിരിക്കുകയാണ് എന്ന ഒരു ധാരണയാണ് അന്താരാഷ്ട്ര സമൂഹത്തിൽ സൃഷ്ടിക്കപ്പെടുന്നത്. ഈ വിഷയം നാം അഭിസംബോധന ചെയ്യേണ്ടതാണ്. കാരണം, എഴുപതു വർഷം ഇൻഡ്യയിൽ കഴിഞ്ഞിട്ടും കാഷ്മീർ വിഭജനവാദത്തിനെതിരെ ശക്തമായ ഒരു ജനമുന്നേറ്റവും അവിടെ ഇല്ലാത്തതെന്ത് എന്ന ചോദ്യത്തിന് മറുപടി പറയാൻ ഇൻഡ്യക്ക് ബാധ്യതയുണ്ട്. ഇൻഡ്യൻ പട്ടാളം ഒരു വശത്തും, കാഷ്മീർ ജനത മറുവശത്തുമായി നടക്കുന്ന ഒരു ഏറ്റുമുട്ടലാണ് കാശ്മീരിൽ സംഭവിക്കുന്നത് എന്നും പറയേണ്ടി വരുന്ന ഒരു സാഹചര്യം ഇന്നുണ്ട്. ഇൻഡ്യയിൽ തുടരണം എന്ന ആവശ്യവുമായി നിരത്തിലിറങ്ങാൻ കാഷ്മീരിൽ ഇന്ന് ആരുമില്ല എന്ന നിലയിലെത്തിയിരിക്കുന്നു. കാഷ്മീരി ജനതയുടെ വിശ്വാസം ആർജ്ജിക്കുവാൻ ഇന്ത്യയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് അതിന്റെ അർത്ഥം. പ്രദേശവാസികളിൽ ബഹുഭൂരിപക്ഷത്തിന്റെ നിസ്സഹകരണവും ചെറുത്തു നിൽപും നിലനിൽക്കുമ്പോൾ എങ്ങനെ സൈനിക ശക്തിയിലൂടെ മാത്രം പ്രശ്നം പരിഹരിക്കാനാവും? ഈ തർക്കം പരിഹരിച്ചാൽ ഇൻഡ്യയുടെ അതിർത്തി സംരക്ഷണ പ്രശ്നം അതോടെ അവസാനിക്കുകയാണ്. ചൈന ഇൻഡ്യയുമായി ഒരു ഏറ്റുമുട്ടലിന് തയ്യാറല്ല എന്നത് കഴിഞ്ഞ കാലങ്ങളിലെല്ലാം വ്യക്തമായിട്ടുള്ള സാഹചര്യത്തിൽ ഇൻഡ്യ-പാക്കിസ്ഥാൻ പ്രശ്നം മാത്രമാണ് ഇൻഡ്യയുടെ അതിർത്തി സുരക്ഷയ്ക്കുള്ള ഏക ഭീഷണി.

അതായത് പാക്കിസ്ഥാനുമായുള്ള തർക്കത്തിനും സംഘട്ടനത്തിനും കാശ്മീർ പ്രക്ഷോഭണത്തിനുമെല്ലാം ഹേതു കാഷ്മീരിനെ ഇൻഡ്യൻ യൂണിയനിൽ നിലനിർത്തണം എന്ന ഇൻഡ്യയുടെ നിലപാടും കാഷ്മീർ ജനതയുടെ ഇക്കാര്യത്തിലുള്ള ഭൂരിപക്ഷ പിന്തുണയില്ലായ്മയുമാണ്.ഈ പിന്തുണ നഷ്ടത്തിന് ഒരുകാരണം കാഷ്മീർ ജനതയെ ഇൻഡ്യയിൽ താല്പര്യപൂർവ്വം ചേർത്തു നിർത്തുന്നതിൽ ഇൻഡ്യൻ ഭരണ കൂടത്തിന്റെ പരാജയമാണ്. വിഭജന കാലത്ത് ഇൻഡ്യൻ നിലപാടിനെ സ്വപാധികമായി പിന്തുണച്ച ഷേക്ക് അബ് ദുള്ളയെ പോലും ജയിലിലടച്ച പാരമ്പര്യമാണ് നമുക്കുള്ളത്. ഇന്ത്യൻ നിലപാടിനോട് യോജിച്ചവരോടു പോലും നീതിപുലർത്താൻ ഇന്ത്യക്കു

കഴിഞ്ഞിട്ടില്ല എന്നത് ഒരുവസ്തുതയാണ്. കാഷ്മീർ ജനതയുടെ വിശ്വാസം വീണ്ടെടുത്തു മാത്രമേ കാശ്മീരിനെ ഇന്ത്യയുടെ ഭാഗമാക്കി കൊണ്ടുവരാനാവൂ.

രണ്ടാമനായി, ഇന്ത്യയുടെ വിഭജനം നടന്നത് മുസ്ലിം രാഷ്ട്രരൂപവല്ക്കരണം എന്ന ആശയാടിസ്ഥാനത്തിലാണ്. പാക്കിസ്ഥൻ എന്ന ഇസ്ലാമിക രാഷ്ട്രം തൊട്ടു ചേർന്ന് നിലനിൽക്കുന്നിടത്തോളം കാലം മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കാശ്മീരിന് പാക്കിസ്ഥാന്റെ ഭാഗമാകുവാനുള്ള പ്രലോഭനവും ആന്തരിക സമ്മർദ്ദവും നിലനിൽക്കുന്നു. ഇതു മാറ്റിയെടുക്കുവാൻ കഴിയണമെങ്കിൽ ഇന്ത്യ ആർജ്ജിക്കേണ്ടത് ഇന്ത്യൻ മതേതരത്വത്തിന്റെ വിശ്വാസ്യത കാശ്മീരികളെ ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. ആഗോളതലത്തിൽ യാഥാസ്ഥിതിക ഇസ്ലാമിക് ദേശീത ശക്തിപ്പെടത്തുന്ന കാലം കൂടെയാണ് ഇതെന്ന് ഇൻഡ്യ എന്ന സെക്കുലർ രാഷ്ട്രം മനസ്സിലാക്കണം.

കൂടാതെ കാഷ്മീരി ജനതയ്ക്ക് ശക്തമായ ഒരു സ്വത്വബോധമുണ്ട്. സ്വതന്ത്ര കാഷ്മീർ അവർ ആഗ്രഹിക്കുന്നു. അതിന് തടസ്സം നിൽക്കുന്നത് ഇന്ത്യയാണ് എന്ന് ഇന്നും അവർ വിചാരിക്കുന്നു. ഈ ധാരണ മാറ്റി ഇന്ത്യൻ യൂണിയന്റെ ഭാഗമായി നിലനിൽക്കുന്നതാണ് കാഷ്മീരി ജനതയുടെ ഭാവി ഭദ്രമാക്കുന്നത് എന്ന ബോധ്യം അവരിൽ വരുത്തേണ്ടതുണ്ട്. ഇന്ത്യ കൈവിട്ടാൽ സ്വതന്ത്രകാഷ്മീരല്ല നിലവിൽ വരുന്നത്, നേരെ മറിച്ച് അത് പാക്കിസ്ഥാന്റെ ഭാഗമായി പരിണമിക്കുകയായിരിക്കും ഫലം എന്നത് സ്വതന്ത്ര കാശ്മീർവാദികൾക്ക് ബോധ്യപ്പെട്ടാലേ ഇന്ത്യയിൽ തുടർന്നു നിലനിൽക്കാൻ അവർ താത്പര്യപ്പെടുകയുള്ളു. അതുകൊണ്ട് ഇന്ത്യൻ സൈന്യത്തെ കൊണ്ട് കാഷ്മീർ ഇന്ത്യയുടെ ഭാഗമാക്കി നിലനിർത്താനുള്ള ശ്രമമാണ് ഇന്ത്യയുടെ ബാഹ്യ സുരക്ഷിതത്വത്തിന് ഇന്നുള്ള ഏറ്റവും വലിയ ഭീഷണി എന്നു നാം തിരിച്ചറിയേണ്ടതുണ്ട്. യുദ്ധവും അടിച്ചമർത്തലും വഴി പരിഹാരമില്ല. പാക്കിസ്ഥാനുമായുള്ള അതിർത്തതർക്കം പരിഹരിക്കുന്നതിനുള്ള തടസ്സം കാഷ്മീർ പ്രശ്നമാണ്. അതുകൊണ്ട് കാഷ്മീർ ജനതയുടെ വിശ്വാസം ആർജ്ജിച്ച് ഇന്ത്യൻ യൂണിയനിൽ കാശ്മീരിനെ നിലനിർത്തുകയോ അല്ലെങ്കിൽ രാഷ്ട്രീയ പരിഹാരമുണ്ടാക്കി സംഘർഷത്തിന് അയവു വരുത്തുകയോ ചെയ്താൽ ഇന്ന് പ്രതിരോധത്തിനായി നാം അനാവശ്യമായി ചെലവഴിക്കുന്ന ധനം ഇൻഡ്യയുടെ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിച്ച് ആഭ്യന്തര-ബാഹ്യ സുക്ഷിതത്വങ്ങൾ ഉറപ്പാക്കാം. ഒരു രാജ്യത്തിനുള്ളിലെ ക്ഷേമവും സഹകരണവും ഐകമത്യവുമാണ് അതിന്റെ സുരക്ഷിതത്വത്തിന് ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും ആവശ്യം. ആ സുസ്ഥിതി കൈവരിക്കാനുള്ള വിമർശനാത്മകമായ തിരിച്ചറിവും സമർപ്പണവും ആണ് ദേശസ്നേഹത്തിന്റെ മാനദണ്ഡം. യുദ്ധത്തെ അപലപിക്കാനും സൈനീകവൽക്കരണത്തെ ചെറുക്കാനും, ശ്രമിക്കുന്നതാണ് യഥാർത്ഥ ദേശസ്നേഹം എന്ന തിരിച്ചറിവാണ് എല്ലാവർക്കും ഉണ്ടാകേണ്ടത്.

മറുവശത്ത് ഇതിനൊരു പ്രയോഗിക വശം കൂടിയുണ്ട്. മുൻ യുദ്ധങ്ങളിലെല്ലാം തന്നെ ഇന്ത്യക്കായിരുന്നു വിജയം. ആയുധ-സൈനിക-പ്രഹര ശേഷികളിലെല്ലാം ഇന്ത്യക്ക് പാക്കിസ്ഥാനുമായി താരതമ്യം ചെയ്താൽ മേൽക്കൈയുണ്ട്. എന്നാൽ ഇന്ന് ഇരുരാജ്യങ്ങൾക്കും അണുവായുധമുണ്ട്. അതുപ്രയോഗിച്ചുള്ള യുദ്ധം ഇരുകൂട്ടരുടെയും സമഗ്ര നാശത്തിനായിരിക്കും ഇടവരുത്തുക എന്നത് ജനാധിപത്യ രാജ്യമായ ഇന്ത്യ ഓർക്കേണ്ടതുണ്ട്. സൈന്യം ഭരണം നിയന്ത്രിക്കുന്ന ഒരു ഭരണകൂടമുള്ള പാക്കിസ്ഥാനിൽ അണുവായുധ പ്രയോഗ കാര്യത്തിൽ ഒരു ജനാധിപത്യ രാജ്യത്ത് ഉള്ളത്ര സംയമനമോ, നിയന്ത്രണമോ, വീണ്ടുവിചാരമോ പുലരുമെന്ന് പ്രതീക്ഷിക്കാനാവില്ല. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അണുവായുധം ഒരു പിന്തിരിപ്പിക്കാനുള്ള ഉപാധി (deterrent device) യാണ്. എന്നാൽ പാക്കിസ്ഥാന് അതൊരു പ്രയോഗായുധ (offensive weapon) മാണ്. അതായത് ഇന്ത്യ യുദ്ധത്തെ നിരുത്സാഹപ്പെടുത്താൻ അതു സൂക്ഷിക്കുമ്പോൾ പാക്കിസ്ഥാൻ അതു യുദ്ധം ജയിക്കാനാണ് നിർമ്മിച്ചിരിക്കുന്നത്. സൈനീക മേൽക്കൈ നിലനിർത്താനുള്ള ഇന്ത്യയുടെ തന്ത്രം പാളുന്നത് ആ നിലയിലാണ്.

മറ്റൊരു കാര്യം തീവ്രവാദി സംഘങ്ങളെ-പ്രത്യേകിച്ച് മതാധിഷ്ഠിത ഉഗ്രവാദി വിഭാഗത്തെ-തടയുക പ്രായോഗികമല്ല എന്നതാണ്. ചാവേറുകൾ ഉള്ള കാലമത്രയും എവിടെയും, ആർക്കും, എന്തും സംഭവിക്കാം. ഭീകരാക്രമണം ആയുധ-സൈനിക ബലം കൊണ്ട് ഫലപ്രദമായി തടയാനാവില്ല. എവിടെയും ചാവേർ ആക്രമണമുണ്ടാകാം. ആവർത്തിക്കപ്പെടാം. സർജിക്കൽ സ്ട്രോക്ക് കൊണ്ട് അതിന് വിരാമമിടാമെന്ന കരുതേണ്ട. ഒരു വൈകാരിക വിരേചനക്കേ അത് ഉപകരിക്കൂ. ആ വിധത്തിലല്ലേ ഇൻഡ്യക്കും അതുകൊണ്ട് സാധ്യമായുള്ളു? ഭീകരാക്രമണങ്ങൾ ഇന്നും തുടരുന്നു. കൂടുതൽ ചെറുപ്പക്കാർ ഭീകരപ്രവർത്തനങ്ങളിൽ ആകൃഷ്ടരായി കൊണ്ടിരിക്കുന്നു. അതാണ് അടിച്ചമർത്തൽ ശ്രമം കൊണ്ട് സംഭവിക്കുന്നത്. അതുകൊണ്ട് യുദ്ധവും തീവ്രവാദിവേട്ടയും വഴി കാഷ്മീർ പ്രശ്നവും പാക്കിസ്ഥാനുമായുള്ള സംഘട്ടനവും ശുഭകരമായി അസാനിപ്പിക്കാനാവില്ല. ദേശീയ സുരക്ഷിതത്വം ഉറപ്പാക്കുവാനും സാധ്യമല്ല. ഭീഷണിയുടെ

യും ഏറ്റുമുട്ടലിന്റെയും യുദ്ധത്തിന്റെയും കാലഘട്ടം അന്തിയണയണം. ചർച്ചയുടെയും അനുരഞ്ജനത്തിന്റെയും സഹവർത്തിത്വത്തിന്റെയും നാളുകളാണ് ഉദയം ചെയ്യേണ്ടത്. നമ്മുടെ നാട്ടിലുള്ളതുപോലെ നല്ലവരും നീതിബോധമുള്ളവരും സമാധാനപ്രിയരുമടങ്ങുന്ന വലിയൊരു ജനവിഭാഗം മറ്റെവിടെയും പോലെ പാക്കിസ്ഥാനിലുമുണ്ട്. അവർ നമ്മുടെ ശത്രുക്കളല്ല. ആ നാടുമായി സഹകരണം സ്ഥാപിച്ചാണ് അന്താരാഷ്ട്രരംഗത്ത് നമുക്ക് സത്പേരും നമ്മുടെ ദേശീയ സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ കഴിയുക. ഈ തിരിച്ചറിവ് ജനത്തിനുണ്ടായാൽ മാത്രമേ രാഷ്ട്രീയ നേതൃത്വത്തിനും അതുണ്ടാകുകയുള്ളു. പട്ടാളത്തിന് മേൽക്കൈയുള്ള ഈ രാജ്യത്തോടും മതതീവ്രവാദത്തിന്റെയും പ്രാദേശിക ദേശീയതയുടെയും അടിസ്ഥാനത്തിൽ നടക്കുന്ന കാഷ്മീർ പ്രക്ഷോഭത്തോടും ഉള്ളനയത്തിൽ വ്യതിയാനം വരുത്തി നല്ല ബന്ധം സ്ഥാപിക്കുവാനാണ് ഇന്ത്യ ശ്രമിക്കേണ്ടത്. സൈനീകവൽക്കരണവും ജനകീയ സമരങ്ങളുടെ അടിച്ചമർത്തലും ഇന്ത്യയുടെ സുരക്ഷ ഉറപ്പാക്കുകയില്ല എന്ന് ഉറപ്പിച്ചു പറയുവാൻ ഇന്ത്യയിലെ ക്രിസ്തീയ സഭകൾ തയ്യാറാകണം. അവിടെയാണ് യഥാർത്ഥ രാജ്യസ്നേഹം പ്രകടമാകുന്നത്. അതാണ് ഗാന്ധിമാർഗ്ഗം. അതുമാത്രമാണ് നാടിന് സുരക്ഷിതത്വം കൈവരുത്തുക.

ക്രിസ്മസ് കാലം സമാധാനത്തിന്റെ ദിനങ്ങളാണ്. രാജ്യാതിർത്തിയിൽ ആക്രമണപ്രത്യാക്രമണങ്ങളുമായി അപകട സാഹചര്യങ്ങളിൽ കഴിയുന്ന ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും സൈനികരെ നമുക്ക് സ്മരിക്കാം. സംഘർഷങ്ങൾ സാഹോദര്യത്തിന് വഴി മാറിക്കൊണ്ട് സമാധാനത്തിന്റെ നാളുകൾ അവർക്കു വന്നുചേരട്ടെ എന്നു പ്രാർത്ഥിക്കാം. പരസ്പരം തോല്പിച്ച് ആധിപത്യം സ്ഥാപിക്കുന്നതിനല്ല, അന്യോന്യം ആശ്ലേഷിച്ച് സ്നേഹം പങ്കുവയ്ക്കുന്നതിന് അവർക്ക് ഇടയാകട്ടെ. അനന്തമായി നീളുന്ന ഏറ്റുമുട്ടലിന്റെയും യുദ്ധത്തിന്റെയും മാർഗ്ഗംഎന്നേക്കുമായി വിട്ടൊഴിഞ്ഞ് കൂടിയാലോചനയുടെയും അനുരഞ്ജനത്തിന്റെയും പാത സ്വീകരിച്ച് ഇന്ത്യാ-പാക്കിസ്ഥാൻ പ്രശ്നത്തിന് സമാധാനപരവും ശാശ്വതവുമായ പരിഹാരം കണ്ടെത്തുവാൻ ഇരുരാജ്യങ്ങളിലെയും ഭരണ നേതൃത്വങ്ങൾക്ക് വിവേകം നൽകണമേ എന്ന് ജഗദീശ്വരനോട് അപേക്ഷിക്കാം. ഇത് ഇരുരാജ്യങ്ങളെയും സുരക്ഷിതമാക്കും.

സന്തോഷകരമായ തിരുപ്പിറവിയുടേയും ഐശ്വര്യ സമ്പൂർണ്ണമായ പുതുവത്സരത്തിന്റെയും ആശംസകൾ എല്ലാവർക്കും നേർന്നുകൊണ്ട്.

**സസ്നേഹം,**

നിങ്ങളുടെ
അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത


## SANTHULA TRUST HOSPITAL



**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**

*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and ‘Pakal Veedu’
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

**OUR FACILITIES:**

- Regular OPD form 8.30 a.m. to 4 p.m. on Monday to Friday and upto 1 p.m. only, on Saturdays.
- 24 hr. psychiatric emergency-service
- 150-bedded in-patient residential facility comprising of hygienic, well ventilated general wards, single and double rooms (with and without A/C)

സാരോപദേശം

# ദയയും സ്നേഹവും നിങ്ങളുടെ പ്രവൃത്തികളെ നയിക്കട്ടെ!

**എം.പി.കെ. കുട്ടി**

ചുറ്റുപാടുകളിലെ കഷ്ടതകളും ദു:ഖങ്ങളും കണ്ട് മനം മടുത്ത സിദ്ധാർത്ഥ രാജകുമാരൻ ലോകസുഖങ്ങളെല്ലാം വെടിഞ്ഞ് സത്യാന്വേഷണത്തിനായി കൊട്ടാരം വിട്ടിറങ്ങി. ഇഹത്തിലെ യാതനകൾക്കെല്ലാം കാരണം കണ്ടെത്താനായിരുന്നു ആ യാത്ര. ഒടുവിൽ അദ്ദേഹം ബുദ്ധനായി. തന്റെ ഉൾക്കാഴ്ചകളെല്ലാം തന്നെ ശ്രവിക്കാൻ ഒരുക്കമുള്ളവരുമായി പങ്കുവച്ചു. ഇന്നത്തെ ലോകത്തും, ഇതിൽ നിന്ന് ഭിന്നമായ രീതിയിലാണെങ്കിലും കഷ്ടതകൾ നീക്കുവാൻ ശ്രമിക്കുന്ന ആളുകളുണ്ട്.

ഗുജറാത്തിലെ ഒരു രത്നവ്യാപാരി, ഒരു പക്ഷെ കഷ്ടപ്പാടുകളുടെ വാർത്തകൾ അറിഞ്ഞിട്ടാകണം, അവ ലഘൂകരിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ വ്യാപാരത്തിൽ നിന്ന് പ്രതിവർഷം ആയിരക്കണക്കിന് കോടി രൂപ വരുമാനം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ 20 വയസ്സുകഴിഞ്ഞ മകൻ വിദ്യാസമ്പന്നൻ ആയിരുന്നു. അദ്ദേഹം മകനോട് കേരളത്തിലേക്ക് പോകുവാനും സാധാരണക്കാർക്കൊപ്പം ജീവിച്ച് സ്വന്തമായി ഉപജീവനം കണ്ടെത്താനും ആവശ്യപ്പെട്ട് പറഞ്ഞയച്ചു. തൽക്കാല ചെലവുകൾക്കു വേണ്ടി ഒരു ചെറിയ തുകയും അവന് നൽകി.

ഗുജറാത്തിലെ ഒരു കുഗ്രാമത്തിൽ ഒരു നിർധനകുടുംബത്തിൽ പിറന്ന ആ വ്യാപാരിക്ക് ഉയർന്ന വിദ്യാഭ്യാസം നേടുവാനുള്ള അവസരം ലഭിച്ചില്ല. അഞ്ചാം ക്ലാസ്സ് വരെ പഠിക്കാനേ സാധിച്ചുള്ളൂ. എന്നാൽ അദ്ദേഹം കഠിനാദ്ധ്വാനം വഴി ഒരു രത്ന വ്യാപാര സാമ്രാജ്യം ക്രമേണ പടുത്തുയർത്തി. ഔപചാരിക വിദ്യാഭ്യാസം കൊണ്ട് മാത്രം നേടാൻ കഴിയാത്ത പ്രായോഗിക ജ്ഞാനം തന്റെ മകൻ അനുഭവങ്ങളിൽ നിന്ന് കൈവരിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം മകനെഅപ്രകാരം പറഞ്ഞയച്ചത്. താനുണ്ടാക്കിയ സമ്പത്തിനിടയിൽ ജീവിച്ചാൽ അവന്റെ ഭാവി എന്താകുമെന്നുള്ള ആശങ്ക ആ അച്ഛന് ഉണ്ടായിരുന്നിരിക്കണം.

നമ്മുടെ സഹനം അനീതിക്കും അക്രമത്തിനും വിധേയരായി നാനാവിധത്തിൽ കഷ്ടപ്പെടുന്നവരോടുള്ള സഹാനുഭൂതി വളർത്തുന്നതിനുപകരിക്കുന്നു. നാം കൂടുതൽ കരുണയുള്ളവരായി തീരുവാനുള്ള അവസരമാണ് സഹനം നമുക്ക് തരുന്നത്. യഥാർത്ഥ ഭൂതദയ മറ്റുള്ളവരുടെ വേദനഉൾക്കൊള്ളുക മാത്രമല്ല അവ അകറ്റുവാനുള്ള നടപടി സ്വീകരിക്കുവാനുള്ള സന്മനസ്സ് കാണിക്കുക കൂടിയാണ്. ഇത് മാനവകുലത്തെ മുഴുവൻ ഒന്നിച്ച് ചേർക്കുന്നു. സ്നേഹവും അനുകമ്പയും മാർഗ്ഗദീപമായുള്ള ഒരു സമൂഹത്തിൽ യാതനകൾ ശമിച്ച് ഇല്ലാതാകുന്നു.

തീർച്ചയായും താഴ്ന്ന നിലയിൽ നിന്ന് കഠിനപ്രയത്നം വഴി പടിപടിയായി ഉയർന്ന് കോടീശ്വരനായിതീർന്ന ആ രത്നവ്യാപാരി പുസ്തകപഠനം വഴി നേടാനാവാത്ത പ്രായോഗികജ്ഞാനം നേടിക്കഴിഞ്ഞിരുന്നു. മകനെമേൽപ്പറഞ്ഞവിധം പറഞ്ഞയച്ച അദ്ദേഹം തന്റെ തൊഴിലാളികൾക്കായി 400 ഫ്ളാറ്റുകളും 1200 കാറുകളുമാണ് ദീപാവലി സമ്മാനമായി നൽകിയിരുന്നത്. അതിനുവേണ്ടി അദ്ദേഹം 51 കോടി രൂപ ചെലവഴിച്ചിരുന്നു. കണക്കറ്റ സാന്ദർഭിക സഹായങ്ങൾ വേറെയും!

"മറ്റുള്ളവർക്കുവേണ്ടി യാതൊന്നും ചെയ്യാതിരിക്കുന്നത് സ്വയം പരാജയപ്പെടുത്തലാണ്. നാം മനഃപൂർവ്വമായും ദയാലുക്കളും ഉദാരമതികളുമായിരിക്കുന്നില്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ നല്ലപങ്ക് നമുക്ക് നഷ്ടമാകുന്നു. പാവങ്ങളുടെ നേർക്ക് നീളുന്ന ഹൃദയത്തിൽ സന്തോഷം നിറയുന്നു. ആന്തരിക സാഫല്യത്തിന്റെ വലിയ രഹസ്യമിതാണ്. നാം നമുക്കായി ഏറ്റവും നല്ല കാര്യം ചെയ്യുന്നത് മറ്റുള്ളവർക്കായി അവ നിർവ്വഹിക്കപ്പെടുമ്പോഴാണ്". അമേരിക്കൻ വിദ്യാഭ്യാസ പരിഷ്ക്കാരകനായ ഹൊറൈസ്മാൻ (Horace Mann)ന്റെ വാക്കുകളാണിവ.

മേൽപ്രകാരം ചെയ്യുന്നില്ലെങ്കിൽ നാം ന്യായവിധിയുടെ കരിനിഴലിലാണ്. "എന്തുകൊണ്ടെന്നാൽ ഞാൻ വിശപ്പുള്ളവനായിരുന്നു, നിങ്ങളെനിക്ക് ഭക്ഷണം തന്നില്ല. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എനിക്ക് വസ്ത്രം തന്നില്ല. ഞാൻ പരദേശിയായിരുന്നു. നിങ്ങൾ എന്നെ കൂടെ ചേർത്തില്ല" ഈ പ്രരോദനത്തോട് യേശു കൂട്ടിച്ചേർത്തു "നിങ്ങളിൽ ഏറ്റവും എളിയവനുവേണ്ടി നിങ്ങൾ ചെയ്യാതിരുന്നതൊക്കെയും എനിക്കാണ് നിങ്ങൾ ചെയ്യാതിരുന്നിട്ടുള്ളത്."

പ്രകടമായ അസമത്വം ഒരു സമൂഹത്തിന്റെ പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. അരിസ്റ്റോട്ടിലിന്റെ പ്രസിദ്ധമായ വാക്കുകൾ ഇവിടെ സ്മരണീയമാണ്. "വിപ്ലവത്തിന്റെയും അടിമത്തത്തിന്റെയും പിതാവ് ദാരിദ്ര്യമാണ്. അനീതി നിർമ്മാർജ്ജനം ചെയ്യപ്പെട്ട സമുഹത്തിൽ മാത്രമേ സമാധാനം പുലരുകയുള്ളൂ." നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു വിശുദ്ധൻ ഇപ്രകാരം എഴുതി "നിങ്ങൾ സംഭരിച്ചുവയ്ക്കുന്ന ഭക്ഷണം പട്ടിണിക്കാരുടേതാണ്, നിങ്ങൾ പെട്ടിയിൽ അടുക്കിവയ്ക്കുന്ന ഉടുപ്പുകൾ നഗ്നരുടേതാണ്, നിങ്ങൾ ഒളിച്ചുവയ്ക്കുന്ന സ്വർണ്ണം പാവങ്ങളുടേതാണ്."

ഇതേ ആത്മാവിലാണ് ആൽബർട്ട് ഐൻസ്റ്റീൻ ഇപ്രകാരം പ്രസ്താവിച്ചത്. "പാവപ്പെട്ടവർക്കായുള്ള ജീവിതം മാത്രമേ ജീവിതമെന്നു വിളിക്കാൻ വിലപ്പെട്ടതായുള്ളൂ."

(സംസാരിക്കുന്ന വൃക്ഷം- റ്റൈംസ് ഓഫ് ഇൻഡ്യ)

തിരുവചനവിചാരം

# ശബ്ബത്ത് മനുഷ്യനുവേണ്ടി

(തുടർച്ച)

വചനഭാഗം: വി. മർക്കോസ് 2: 23-28

ഡോ: തോമസ് അത്താനാസ്യോസ്

ഈ വേദഭാഗത്ത് കർത്തൃശിഷ്യൻമാർ യഹൂദന്മാരുടെ ശബ്ബത്ത് നിയമം ലംഘിച്ച് വയലിൽ നിന്ന് ഗോതമ്പ് കതിരുകൾ പറിച്ച് ഭക്ഷിക്കുന്നത് വിമർശന വിധയമാകുന്നതായി നാം വായിക്കുന്നു. അവർ ചെയ്യുന്നത് കല്പനാലംഘനമാണെന്നതിൽ തർക്കമില്ല. മതനിയമങ്ങൾ പലതരത്തിലുള്ളവയാണ്. അനുഷ്ഠാന നിയമങ്ങൾ, നൈതീക നിയമങ്ങൾ, സാമൂഹ്യ നിയമങ്ങൾ, സദാചാര നിയമങ്ങൾ, പാരമ്പര്യ നിയമങ്ങൾ മുതലായവയാണവ. ശബ്ബത്ത് നിയമങ്ങൾ ലംഘിക്കുന്നത് അനുഷ്ഠാനങ്ങൾ സംബന്ധിച്ച (cultic) കല്പനയുടെ നിരാകരണമാണ്. എന്നിരുന്നാലും മതാനുയായികളായ കർത്തൃശിഷ്യന്മാർ ഈ കല്പനാചരണം സംബന്ധിച്ച് സ്വാതന്ത്ര്യം പ്രകടിപ്പിക്കുകയാണ്. വിശപ്പടക്കാൻ കതിർ പറിച്ചു തിന്നുന്നത് ആ നാട്ടിൽ നിയമലംഘനമായിരുന്നില്ല. അതുകൊണ്ട് വിശക്കുമ്പോൾ കതിർ ഊരി ഭക്ഷിക്കുന്നത് നിയമാനുസൃതം തന്നെ. എന്നാൽ ശബ്ബത്തിൽ ആ പ്രവൃത്തിക്ക് അനുവാദമില്ല എന്നതാണ് വിഷയം. അതായത് കതിർ പറിച്ചു ഭക്ഷിക്കുന്നതിൽ അദ്ധ്വാനം വരുന്നു എന്നതാണ് കുഴപ്പം. കാരണം, ശബ്ബത്ത് വിശ്രമദിനമാണ്. അന്ന് അദ്ധ്വാനം പാടില്ല. അതുകൊണ്ട് നിയമ പ്രകാരം ആ പ്രവൃത്തി ന്യായീകരിച്ചുകൂടാ എന്നതാണ് വാദം. ക്രിസ്തുവുമായുള്ള സഹവാസം കൊണ്ട് ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ശബ്ബത്തിന്റെ ആചരണം അനുഷ്ഠാനപരമായ ഒരു കാര്യമാണെന്ന് അവർ പഠിച്ചിട്ടുണ്ട്. കർത്താവും ശബ്ബത്തിൽ രോഗികളെ സൗഖ്യപ്പെടുത്തി ഈ ആരോപണത്തിന് പലവട്ടം വിധേയനായിട്ടുണ്ട്. അവശ്യഘട്ടങ്ങളിൽ ധാർമ്മിക-സാമൂഹ്യ വിരുദ്ധമല്ലാത്ത നിയമങ്ങൾ ആവശ്യമെങ്കിൽ ലംഘിക്കുവാനുള്ള സ്വാതന്ത്ര്യമാണ് ശിഷ്യന്മാർ ഇവിടെ പ്രകടമാക്കുന്നത്. ഇക്കാര്യത്തിൽ മതം ഇടപെടുത്തേണ്ടതില്ല എന്ന സൂചനയാണ് അവരുടെ പ്രവൃത്തിയിലുള്ളത്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം സുവിശേഷത്തിന്റെ അടിസ്ഥാനത്തിലുള്ള ധാർമ്മികത, സാമൂഹ്യബോധം എന്നിവയിൽ നിന്ന് രൂപപ്പെടുന്ന ക്രിസ്തീയ ചേതനയാണ് ഇതുപോലുള്ള സാഹചര്യത്തിൽ മാനദണ്ഡം (norm) ആയിത്തീരേണ്ടത്. സഭാ നിയമങ്ങളുടെ അക്ഷരാർത്ഥത്തിലുള്ള അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം വകവച്ചുകൊടുക്കാൻ സഭാ ഭരണകർത്താക്കൾക്ക് ഇന്നും വിമുഖതയാണ്. എന്നാൽ സുവിശേഷം നല്കുന്ന സ്വാതന്ത്ര്യം വിശ്വാസിക്ക് തിരിച്ചറിയാൻ സാധിക്കുമ്പോഴാണ് അർത്ഥവത്തും ഉത്തരവാദിത്തപൂർണ്ണവുമായ ആത്മീയ ജീവിതം സാധ്യമാകുന്നത് എന്ന് സൂചന.

എന്നാൽ മറ്റൊരു കാര്യം കൂടി ഇവിടെ ശ്രദ്ധിക്കേണ്ടതായുണ്ട്. വി. ലൂക്കോസിന്റെ സുവിശേഷപ്രകാരം കർത്താവിന്റെ അടുക്കലല്ല പരീശന്മാർ വിമർശനം ഉന്നയിക്കുന്നത്. അവർ ശിഷ്യൻമാരെത്തന്നെ നേരിട്ട് ചോദ്യംചെയ്യുകയാണ്. എങ്കിലും അതിന് മറുപടി പറയുന്നത് ക്രിസ്തുവാണ്. യിസ്രായേൽ ചരിത്രവും പുരോഹിതൻമാരുടെ പ്രവൃത്തിയും സാധൂകരിക്കുന്ന ഒരു കാര്യത്തെ എങ്ങനെ ചോദ്യം ചെയ്യാനാവും എന്നാണ് കർത്താവിന്റെ മറുപടിയിലെ പ്രമേയം. കർത്താവ് ഈ മറുപടിയുമായി ശിഷ്യന്മാർക്കുവേണ്ടി പരീശൻമാരെ നേരിടുകയാണ്. ശിഷ്യന്മാരല്ലേ ശബ്ബത്ത് ലംഘിച്ചത്? അവർ മറുപടി പറയട്ടെ എന്നു കർത്താവ് കരുതുന്നില്ല. അകാരണമായി വിമർശിക്കപ്പെടുകയോ, പീഡിപ്പിക്കപ്പെടുകയോ ചെയ്യുന്നവർക്കുവേണ്ടി ഇടപെടുവാനും അവരുടെ ശബ്ദമാകുവാനുമാണ് ക്രിസ്തു ശ്രമിക്കുന്നത്. സ്വന്തം നിക്ഷിപ്തതാല്പര്യങ്ങളിൽ നഷ്ടം സംഭവിക്കുമ്പോൾ മാത്രമേ സഭയുടെ നേതാക്കൻമാർ രംഗത്തു വരാറുള്ളൂ. എന്നാൽ തന്റെ ശിഷ്യന്മാർ ആരോപണ വിധേയരായപ്പോൾ അവർക്കുവേണ്ടി യുക്തിപൂർവ്വം അവഗാഢതയോടെ വാദിക്കുകയാണ് ക്രിസ്തു ഇവിടെ. മറ്റുള്ളവർക്കുവേണ്ടി നില കൊണ്ട് അപകടങ്ങൾ ഏറ്റുവാങ്ങുന്ന ക്രിസ്തുവിനെയാണ് ലൂക്കോസ് ഇവിടെ വെളിപ്പെടുത്തുന്നത്. ദുർബ്ബലരും അവിജ്ഞരും, നിരായുധരുമെല്ലാം ആരോപിതരാകുമ്പോൾ, അവരുടെ പ്രവൃത്തികളും നിലപാടുകളും നീതിപരമെങ്കിൽ, അവരെ സംരക്ഷിക്കുവാനുള്ള ബാധ്യതയാണ് ക്രിസ്തുവിന്റെ പ്രതികരണത്തിൽ പ്രകടമാകുന്നത്. സ്വന്തലാഭത്തിനുവേണ്ടി സഹോദരന്റെ ആവശ്യങ്ങൾ അവഗണിക്കുന്ന വൈദികസ്ഥാനികൾ ഉൾപ്പെടെയുള്ള വിശ്വാസികൾക്ക് ഇത് ഒരു വെല്ലുവിളിയും മാതൃകയും ആയിരുന്നെങ്കിൽ! കൂടെയുള്ളവരെപ്പറ്റി ചിന്തിക്കാതെ, സ്വന്തം നേട്ടം മാത്രം ലക്ഷ്യമിടുന്നവർക്ക് ഇത് ഒരു സൂചനയാകട്ടെ. എന്നാൽ കൂടെയുള്ളവരുടെ തെറ്റുകൾ സാധൂകരിക്കാൻ ക്രിസ്തു ഒരിക്കലും ശ്രമിച്ചതായി കാണുന്നില്ല ഗുരുവിന്റെ സംരക്ഷണത്തിനായി വാളെടുത്ത പത്രോസിനെപ്പോലും കർത്താവ് ശാസി

ക്കുകയാണ് ചെയ്തതെന്ന് ഓർക്കണം.

ശിഷ്യന്മാർ കതിരുകൾ പറിച്ച് ഭക്ഷിക്കുന്നെങ്കിലും ഗുരു അത് ചെയ്യുന്നില്ല. ഇത് ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഇവിടെ സാധാരണ ജനത്തിൽ നിന്ന് വ്യത്യസ്തമായി വിശ്വാസസമൂഹവും നേതൃത്വവും പുലർത്തേണ്ട സവിശേഷതയാണ് പ്രമേയം. ശിഷ്യന്മാർക്ക് വിശക്കുന്നു. അവർ കതിരുകൾ ഊരി ഭക്ഷിക്കുന്നു. ഇതിന് വിലക്കൊന്നും ഇല്ല. കർത്താവ് ഇതിനെ ന്യായീകരിക്കുകയും ചെയ്യുന്നു. എന്നാൽ അദ്ദേഹം അവരോട് കൂടെ ഭക്ഷിക്കുന്നില്ല. അതായത് ന്യായം കാണാൻ കഴിയുന്ന എന്തും ചെയ്യാൻ ക്രിസ്തു തയ്യാറാകുന്നില്ല. കർത്താവ് തന്നെ പലപ്പോഴും ശാബത്ത് ലംഘിക്കുന്നുണ്ട്. എന്നാൽ അതൊന്നും തന്റെ നേട്ടത്തിനുവേണ്ടിയായിരുന്നില്ല. മറിച്ച് മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടിയായിരുന്നു. സൗകര്യങ്ങളും മറ്റാനുകൂല്യങ്ങളും സ്വയം പറ്റുന്ന ക്രിസ്തുവിനെയല്ല അവ അവത്യജിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന കർത്താവിനെയാണ് സുവിശേഷത്തിൽ നാം കണ്ടെത്തുന്നത്. വിശന്നിട്ടും സ്വയം ഭക്ഷണം കഴിക്കാതെ, വിശപ്പടക്കാൻ കതിരുകളൂരി ഭക്ഷിച്ച ശിഷ്യൻമാരുടെ നടപടി ന്യായീകരിച്ച് വിമർശകരുടെ വായ് അടയ്ക്കുന്ന ക്രിസ്തു ഉയർത്തുന്ന മാതൃക ജീവിതത്തിൽ ഏതു മേഖലയിലുള്ളവർക്കും വെല്ലുവിളിയാണ്.

ക്രിസ്തുവും തന്റെ ശിഷ്യന്മാരോടൊപ്പം കതിരുകൾ പറിച്ച് ഭക്ഷിച്ചിരുന്നെങ്കിൽ തന്റെ യുക്തിയും മറുപടിയും ഇത്രമാത്രം ശക്തവും ഫലപ്രദവും ആകുമായിരുന്നില്ല. നേരെമറിച്ച്, തന്റെ പ്രവൃത്തിയുടെ നീതീകരണ ശ്രമമായി പരിണമിക്കുമായിരുന്നു. സ്വയം മറ്റുള്ളവർക്കൊപ്പം വിമർശനത്തിന് വശംവദരാകാതെ വിമർശനവിധേയരാകുന്ന നിരപരാധികളെയും പാവങ്ങളെയും നീതീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നവർ കൂടുതൽ സ്വീകാര്യരും അംഗീകൃതരുമായിത്തീരുന്നു. അവരുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരുടേതിനേക്കാൾ ഫലപ്രദമാകുകയും ചെയ്യുന്നു. പുരോഹിതരുടെ വിവാഹത്തെ സാധൂകരിക്കാൻ യത്നിച്ച വ്യക്തിയായിരുന്നു ബഹു. വി.സി. സാമുവേൽ അച്ചൻ. അദ്ദേഹത്തിന്റെ വാദങ്ങളിൽ കഴമ്പും ഉണ്ടായിരുന്നു. എന്നാൽ വിവാഹം ചെയ്തശേഷം അതിനനുകൂലമായ വാദമുഖങ്ങൾ ഉയർത്തിയപ്പോൾ അതിന് വേണ്ടത്ര പരിഗണനയും അംഗീകാരവും ലഭിക്കാതെവന്നു. കാരണം, ഒരു സ്വയം നീതീകരണ ശ്രമമായേ അധികം പേരും അതിനെ കണക്കാക്കിയുള്ളൂ. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തനായി വിശന്നിട്ടും കതിർ പറിച്ച് ഭക്ഷിക്കാതെ സ്വയം കുറ്റാരോപണവിധേയരായ നിരപരാധികൾക്കുവേണ്ടി ക്രിസ്തു കാര്യകാരണ സഹിതം പക്ഷവാദം നടത്തിയപ്പോൾ അതിനെ അംഗീകരിക്കാതിരിക്കാൻ പരീശന്മാർക്കും സാധ്യമായില്ല. ശബ്ബത് ലംഘനകുറ്റത്തിന് ക്രിസ്തുവും ആരോപണവിധേയനായില്ലേ എന്ന ചോദ്യം ഇവിടെ ഉയർന്നേക്കാം. എന്നാൽ ഉത്തരം വളരെ ലളിതം. ക്രിസ്തു ആരോപിതനായത് മാറാരോഗികൾക്ക് ശബ്ബതിൽ സൗഖ്യം നൽകിയ 'കുറ്റ'ത്തിനായിരുന്നു. ഒരവസരത്തിൽ ക്രിസ്തുവിന്റെ വിശദീകരണം ശ്രദ്ധിക്കുക: നിങ്ങളിൽ ആരുടെയെങ്കിലും കാളയോ, കഴുതയോ ശബ്ബതിൽ കുഴിയിൽ വീണു എന്നു കരുതുക. നിങ്ങൾ അതിനെ കയറ്റിവിടുന്നില്ലയോ? എങ്കിൽ പതിനെട്ടു സംവത്സരങ്ങളായി പിശാചിനാൽ ബന്ധിതയായ കൂനിയെ വിമോചിപ്പിക്കുന്നത് വിഹിതമല്ലയോ. അങ്ങനെയൊരു നല്ല കാര്യത്തിന് ദിവസവും സമയവും നോക്കേണ്ടതില്ലെന്നുസാരം. ആർക്കാണ് ഈ ന്യായവാദത്തെ എതിർക്കാൻ സാധിച്ചത്? സാധിക്കുക?

കർത്താവ് ദുർബ്ബലർക്കുവേണ്ടി മാത്രമല്ല പ്രതികരിച്ചിട്ടുള്ളത്. മതജീവിതത്തിലെ തെറ്റുകളെയും അതിക്രമങ്ങളെയും അദ്ദേഹം നിർഭയം അതിശക്തമായി എതിർത്തിരുന്നു. യരുശലേം ദൈവാലയ പരിസരത്തെ കച്ചവടസ്ഥലമാക്കിത്തീർത്തത് കണ്ട ക്രിസ്തു അല്പം ബലപ്രയോഗത്തിനുവരെ മുതിരുന്നതായി നാം വായിക്കുന്നു. ദേവാലയവുമായി ബന്ധപ്പെട്ടുള്ള ലാഭക്കച്ചവടത്തിലും ആർഭാടത്തിലും, അഴിമതിയിലും അക്രമങ്ങളിലും തെറ്റുകാണുവാൻ മതങ്ങൾക്ക് കഴിയുന്നില്ല. അഴിമതിക്കു നടുവിൽ കാഴ്ചക്കാരനാകുവാൻ കർത്താവിന് കഴിയുകയില്ലെന്ന് നാം ഓർക്കേണ്ടതാണ്. ദൈവരാജ്യചിന്തയും മൂല്യവും യേശുവിനെ ശക്തമായി സ്വാധീനിച്ചിരുന്നു. മതസംവിധാനത്തിലെ സംഘടിത തിന്മയ്ക്കും അഴിമതിക്കുമെതിരെയുള്ള ആത്മരോഷത്തിന്റെ ഉഗ്രമായ ഊർജ്ജ പ്രവാഹമാണ് ക്രിസ്തുവിനെ ദേവാലയ ശുദ്ധീകരണത്തിന് അപ്രതിരോധ്യനാക്കിയത്. മതനേതാക്കളെയും മതനിയമങ്ങളെയും കണ്ണടച്ച് പിന്തുണക്കുകയും അത് സഭാസ്നേഹമായി വ്യവഹരിക്കുകയും ചെയ്യുന്നിടത്ത് വിരൽ ചൂണ്ടുവാൻ ഓരോ വിശ്വാസിക്കും കഴിയണം. സത്യത്തിനും നീതിക്കും വേണ്ടി പ്രതിരോധശേഷിയും ഇടപെടൽ സന്നദ്ധതയും സഭാംഗങ്ങളിൽ ഉണ്ടാകേണ്ടതുണ്ട്.

വി. മത്തായിയുടെ സുവിശേഷത്തിൽ കാണുന്ന, 'ദേവാലയത്തെക്കാൾ വലുത് ചിലതുണ്ട്' (12:6) എന്ന പരാമർശം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ദേവാലയം എന്ന പദം മതസംവിധാനത്തിന്റെ പ്രതീകമാണ്. അതായത് അടിസ്ഥാന മാനുഷിക-ദൈവരാജ്യമൂല്യങ്ങൾ മതസംഘടനകളിൽ അവഗണിക്കപ്പെടുന്നു എന്ന നിരീക്ഷണമാണ് യേശു ഇവിടെ നടത്തു

ന്നത്. നൈഷ്ഠികവും, നൈയാമികവും സംഘടനാപരവുമായ കാര്യങ്ങളെക്കാൾ പ്രധാനമാണ് സ്നേഹവും, കരുതലും മനുഷ്യത്വവുമെല്ലാമെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. അതാണ് ക്രിസ്തു ഇതിനോട് ചേർത്ത് പറയുന്നത് 'യാഗമല്ല കരുണയാണ്' മതത്തിൽ വേണ്ടതെന്ന്. മനുഷ്യത്വമാണല്ലോ ഇന്ന് മതജീവിതത്തിൽ ഇല്ലാതായിരിക്കുന്നത്. മതഭ്രാന്തും അതിന്റെ പേരിലുള്ള അക്രമങ്ങളും മത-സഭാസ്നേഹത്തിന്റെ പ്രകടനമായി വിലിരുത്തപ്പെടുന്ന ഇക്കാലത്ത് യേശുവിന്റെ നിരീക്ഷണം പ്രത്യേകം ശ്രദ്ധേയമാണ്. വിശക്കുന്ന ശിഷ്യന്മാർ ഗോതമ്പുകതിരുകൾ ഊരി ഭക്ഷിക്കുന്നത് കണ്ട് വിമർശിക്കുന്ന പരീശൻമാർ മതത്തിലെ മനുഷ്യത്വമാണ് നിഷേധിക്കുന്നത് എന്നോർക്കണം. നിയമപാലനവ്യഗ്രതയിൽ ദുർബ്ബലന്റെ അടിസ്ഥാന ആവശ്യങ്ങൾ മറക്കരുത് എന്ന് യേശു ഓർമ്മിപ്പിക്കുന്നു. മലങ്കര സഭയിലെ കക്ഷി വഴക്കിന്റെ പശ്ചാത്തലത്തിൽ കൊലപാതകം ഉൾപ്പെടെയുള്ള അക്രമങ്ങൾക്ക് പ്രേരണ നല്കുന്നവരും അത് സഭാ സ്നേഹവും സഭാസേവനവുമായി വ്യവഹരിക്കുന്നവരും നടപ്പാക്കുന്നവരുമുണ്ട്. മതഭ്രാന്തിന് സുവിശേഷത്തിൽ നീതികരണമൊ ന്യായീകരണമോ ഇല്ല. ആദിമസഭയിൽ ഒരു വിധത്തിലുള്ള അക്രമവും- എന്തിന്റെ പേരിലായിരുന്നാലും- അനുവദിക്കപ്പെടുകയോ, പ്രോത്സാഹിപ്പിക്കപ്പെടുകയോ ചെയ്തിരുന്നില്ല. ഒറ്റക്കോ സംഘം ചേർന്നോ യാതൊരു അക്രമപ്രവർത്തനവും ക്രിസ്ത്യാനികൾ നടത്തിയിരുന്നില്ല. രക്തസാക്ഷിത്വം വരിച്ചവർ പോലും ഭീഷണിയുടെയോ പ്രതികാരത്തിന്റെയോ ശബ്ദമുയർത്തിയതായി കേട്ടുകേഴ്വിപോലുമില്ല. എന്നാൽ മത ജീവിതത്തിൽ നിയമത്തിന്റെ കൂച്ചുവിലങ്ങുകൾ സൃഷ്ടിച്ച് അധികാരവും ആധിപത്യവും ഉറപ്പിക്കുന്ന ഇന്നത്തെ മതനേതാക്കൾക്ക് മതത്തിലെ മനുഷ്യത്വമില്ലായ്മയെക്കുറിച്ച് ഭാരമൊന്നും ഉണ്ടാകില്ലല്ലോ! വേഷവും, നാട്യവും, ബലപ്രോയഗവുമൊന്നും ദൈവസന്നിധിയിൽ വിലപ്പോകില്ല എന്നും മതം മനുഷ്യത്വപരമാകണമെന്നും ഉള്ളയേശുവിന്റെ സന്ദേശം ആണ് അസന്നിഗ്ദ്ധമായി ഈ വേദഭാഗത്ത് പ്രകടിപ്പിക്കുന്നത്. സ്നേഹവും, നീതിയും പങ്കുവയ്ക്കലുമാണ് മതജീവിതത്തിന് അർത്ഥം നൽകുന്നത്. ദേവാലയത്തേക്കാൾ വലുത് ചിലതുണ്ട് എന്നതുകൊണ്ട് യേശു ഇത്തരം മാനുഷിക മൂല്യങ്ങളെയാണ് ഉദ്ദേശിക്കുന്നത്. മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല, ശബ്ബത്ത് മനുഷ്യനു വേണ്ടിയത്രേ സൃഷ്ടിക്കപ്പെട്ടത് എന്ന് ഈ വേദഭാഗത്ത് (വി.മർക്കോസ് 2:27) യേശു പ്രഖ്യാപിക്കുന്നു. ശബ്ബത്ത് ഇവിടെ മത-അനുഷ്ഠാന നിയമങ്ങളുടെ പ്രതീകമാണ്. മനുഷ്യന്റെ ആദ്ധ്യാത്മികതയും മതജീവിതവും രൂപപ്പെടുത്തുന്നതിനാണ് മതനിയമങ്ങൾ സൃഷ്ടിക്കപ്പെട്ടത്. അവന്റെ ആത്മിക വളർച്ചയ്ക്കും വിശ്വാസ ജീവിതത്തിന്റെ രൂപപ്പെടലിനും സഹായകമാകാനാണ് മതനിയമങ്ങൾ സൃഷ്ടിക്കപ്പെട്ടത്. അവന്റെ ആത്മിക വളർച്ച സാധിക്കുന്നതിലും വിശ്വാസ ജീവിതം രൂപപ്പെടുത്തുന്നതിലുമാണ് നിയമത്തിനു പ്രസക്തി. ഇപ്രകാരം വളർച്ചയെത്തിയ മനുഷ്യന് നിയമം പ്രക്തമല്ല. അയാൾ നിയമത്തിൽ നിന്ന് സ്വതന്ത്രനാണ്. ഇതിനകം ലഭ്യമായ ആത്മിക വെളിച്ചവും ബോധവുമാണ് മനുഷ്യനെ നയിക്കുക. വി. പൗലോസ് തന്റെ റോമാ ലേഖനത്തിൽ നിയമത്തിന്റെ ചരിത്രപരവും നിയോഗപരവുമായ പ്രസക്തിയെ അംഗീകരിക്കുന്നു. എങ്കിലും നിയമത്തിന് മനുഷ്യന്റെ മേലുള്ള ആധിപത്യത്തെ നിഷേധിക്കുന്നതായി കാണുന്നു. സുവിശേഷം നല്കുന്ന സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്ന സഭകൾപോലും നിയമം കൊണ്ട് മനുഷ്യജീവിതത്തെ ബന്ധിക്കുന്നത് സാധാരണ കാഴ്ചയാണ്.

മനുഷ്യപുത്രൻ ശബ്ബത്തിന്റെയും കർത്താവാണ് (വി.മർക്കോസ് 2:28) എന്നത് മനുഷ്യസ്വാതന്ത്ര്യത്തിന്റെ അംഗീകാരവും പ്രഖ്യാപനവുമാണ്. മനുഷ്യൻ നിയമത്തിന്റെ ബന്ധനത്തിൽ നിന്ന് വിമുക്തനാണെന്ന് വ്യംഗ്യം. മനുഷ്യപുത്രൻ എന്ന പ്രയോഗം കർത്താവ് തന്നെത്തന്നെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കാറുണ്ടെങ്കിലും ഇവിടെ അതിന് മനുഷ്യൻ എന്ന സാമാന്യ അർത്ഥമേയുള്ളൂ. ഈ തിരുവചന ഭാഗത്തിന്റെ പശ്ചാത്തലത്തിൽ അത് ക്രിസ്തുവിനെ മാത്രം സൂചിപ്പിക്കുന്നതല്ല. ഈ വാക്യത്തിന്റെ ആരംഭത്തിലുള്ള 'അങ്ങനെ' എന്ന പദപ്രയോഗം ഈ വസ്തുത സ്പഷ്ടമാക്കുന്നു. മനുഷ്യനും നിയമവും തമ്മിലുള്ള ബന്ധം നിർവ്വചിക്കുമ്പോൾ മനുഷ്യന്റെ മേൽ നിയമത്തിനല്ല നിയമത്തിന്റെ മേൽ മനുഷ്യനാണ് ആധിപത്യം എന്നത് വ്യക്തമാക്കുവാനാണ് ഈ വചനം ക്രിസ്തു അരുളിച്ചെയ്തത്. ശബ്ബത്തിന്റെ മേൽ ക്രിസ്തുവിന്റെ അധികാരം ഇവിടെ പ്രസക്തമല്ല.

അടിസ്ഥാനപരമായി യഥാർത്ഥ മതം മനുഷ്യനെ നിയമംകൊണ്ട് കെട്ടി വരിയുന്നതല്ല. സ്വതന്ത്രമാക്കുകയാണ് അതിന്റെ സ്വഭാവം. മതത്തെ മതമാക്കുന്നത് നിയമാനുഷ്ഠാനങ്ങൾ അല്ല. മറിച്ച് നന്മയും, സ്നേഹവും, കരുതലും കാരുണ്യവുമുൾപ്പെടെയുള്ള മൂല്യങ്ങളുടെ ആചരണമാണ് എന്നാണ് അതിന്റെ ഉള്ളടക്കം. അതു ചെയ്യാത്ത മതപ്രസ്ഥാനങ്ങളും മതജീവിതവും ശുഷ്കവും നിരർത്ഥകവുമാണ്. മനുഷ്യന്റെ കുറ്റവും കുറവും കണ്ടെത്തി അവനെ കുറ്റം വിധിക്കുകയല്ല അവനിൽ നന്മയും ജ്ഞാനവും നിറച്ച് അവനെ സത്ഗുണസമ്പൂർണ്ണനാക്കുകയാണ് മതത്തിന്റെ ദൗത്യം.

●

ചുറ്റുവട്ടം

# അച്ചനാരാ മോൻ!

**മുണ്ടമറ്റം രാധാകൃഷ്ണൻ**

**മാ**താപിതാക്കൾക്ക്, പ്രത്യേകിച്ച് അമ്മയ്ക്ക്, പരമമായ പദവിയാണ് ഭാരതീയ ദർശനം നൽകിയിട്ടുള്ളത്. മക്കൾക്കുവേണ്ടി അമ്മയനുഭവിക്കുന്ന ക്ലേശവും സഹിഷ്ണുതയും ത്യാഗവുമെല്ലാം വിവരണാതീതമാണ്. മക്കൾ എത്ര ഉന്നതരായാലും എന്തൊക്കെ ചെയ്താലും അതിനുപകരമാവുകയില്ല. അത്രയ്ക്കുന്നതവും ഉദാത്തവുമാണ് അമ്മയുടെ സ്നേഹം. മാതാവിന് മക്കളോടുള്ള വൈകാരിക ബന്ധം പിതാക്കന്മാർക്കില്ല. ഞാനച്ഛനാണ്, എല്ലാവരും ഞാൻ പറയുന്നതനുസരിച്ചുകൊള്ളണം എന്ന അഹങ്കാരം ഭൂരിപക്ഷം അച്ഛന്മാർക്കുമുണ്ട്. മാനസിക-വൈകാരിക ആവശ്യങ്ങൾ പരിഗണിക്കാതെയുള്ള താതാജ്ഞകൾ അനുസരിക്കുവാൻ മക്കൾ വിമുഖത കാണിയ്ക്കും. അവിടെ തുടങ്ങും പിതൃ-പുത്ര പോര്. ആരു ജയിച്ചാലും ദുഃഖം മാത്രമനുഭവിയ്ക്കുവാൻ വിധിയ്ക്കപ്പെട്ട ഒരു സാധ്വിയുണ്ട്, അത് അമ്മയല്ലാതെ മറ്റാരുമല്ല. അവർ ഭർത്താവിനും മക്കൾക്കും വേണ്ടി ക്ഷേത്രങ്ങൾ കയറിയിറങ്ങും, അവരുടെ നന്മയ്ക്കും രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കും. എന്നിട്ടും-എന്തിനുമേതിനും ഭർത്താവെന്ന സദ്ഗുണസമ്പന്നൻ കുറ്റപ്പെടുത്തും; ഏല്ലാറ്റിനും കാരണക്കാരി നീയാ, മക്കൾ തെറ്റു ചെയ്താൽ നിന്റെ വളർത്തുദോഷമാ ഇതിനു കാരണമെന്നു പറയും. നല്ലതു ചെയ്താലോ? അവനെന്റെ മകനാ എന്നു ഖ്യാതി സ്വയം ശിരസ്സിലേറ്റും. അച്ഛന്മാരെ ഞാൻ മൂന്നു വ്യത്യസ്ത സ്വഭാവക്കാരായി തരംതിരിയ്ക്കുന്നു.

(1) പട്ടാളമച്ഛൻ
(2) പാവം അച്ഛൻ
(3) പെരുന്തച്ചനച്ഛൻ

ഒന്നാമത്തെ അച്ഛനെ ഒന്നു പരിചയപ്പെടാം. സ്കൂളിൽ ചേർക്കാൻ കൊണ്ടുപോകുന്നതിനൊരാഴ്ച മുൻപു മുതൽ അച്ഛനുപദേശം തുടങ്ങി. ആരോടും കൂട്ടുകെട്ടു പാടില്ല. സംസാരം അത്യാവശ്യത്തിനുമാത്രം. മറ്റുള്ളവരുടെ തോളിൽ കയ്യിടുകയോ സ്വന്തം തോളിൽ കയ്യിടുവാൻ അനുവദിയ്ക്കുകയോ ചെയ്യരുത്. വീടുവിട്ടാൽ സ്കൂൾ, സ്കൂൾ വിട്ടാൽ വീട്. എല്ലാം അക്ഷരംപ്രതി അനുസരിച്ചുകൊള്ളാമെന്ന് എന്നെക്കൊണ്ട് സമ്മതിപ്പിച്ചു. മാതൃകാപുരുഷനായി തൊട്ടടുത്ത വീട്ടിലെ കൃഷ്ണൻകുട്ടിയെ കാണിച്ചു. എന്നെക്കാൾ നാലു വയസ്സ് പ്രായക്കൂടുതലുണ്ടായിരുന്നു. സംസാരകാര്യത്തിൽ അറുപിശുക്കൻ. എപ്പോഴും വീർത്തുകെട്ടിയ മുഖം. നിസ്സംഗഭാവം. ചിരിച്ചാൽ ദൈവകോപമുണ്ടായേക്കാലോ എന്നു ഭയന്നിട്ടാണോ എന്നറിയില്ല സയാമീസ് ഇരട്ടകളെപ്പോലെ ചുണ്ടു രണ്ടും ഒട്ടിപ്പിടിച്ചു തന്നെയിരുന്നു. അച്ഛന്റെ മാതൃകാപുരുഷൻ അധികകാലം കഴിയുന്നതിനുമുമ്പു തന്നെ മനോരോഗിയായിതീർന്നു. അതിന്റെ മുന്നോടിയായിരുന്നു ആ പാവത്തിന്റെ വിചിത്ര സ്വഭാവമെന്ന് അന്നാരുമറിഞ്ഞില്ല. അവനെഅനുകരിയ്ക്കാൻ തോന്നാതിരുന്നത് എന്റെ ഭാഗ്യാതിരേകമെന്നല്ലാതെ എന്തു പറയാൻ!

"ഞാനച്ഛനാണ്, എല്ലാവരും എന്നെ അനുസരിച്ചു കൊള്ളണം" എന്ന ദുഃശ്ശാഠ്യക്കാരനാണ് പട്ടാളമച്ഛൻ. ഒരിക്കൽ .... സ്കൂളിലേക്കു പോകുംവഴി എന്റെ ക്ലാസ്സിൽ പഠിയ്ക്കുന്ന ജോസഫിനെകണ്ടു. അവനും സ്കൂളിലേയ്ക്കു തന്നെ. പ്രായവും ശരീര വലുപ്പവും എന്നെക്കാൾ കൂടുതലായിരുന്നു അവന്. അവൻ അടുത്തുവന്ന് എന്റെ തോളിൽ കയ്യിട്ടു. അങ്ങനെ ഞങ്ങൾ നടന്നു നീങ്ങി. പട്ടാളത്തിന്റെ ഉപദേശം തൽക്കാലം ഞാൻ മറന്നു. "എടാ" എന്നൊരു വിളികേട്ടു ഞാൻ ഞെട്ടി തിരിഞ്ഞു. അദ്ദേഹം കണ്ണാടി വച്ചിരുന്നതുകൊണ്ട് ആ കണ്ണുകളിൽ നിന്ന് അഗ്നി സ്ഫുലിംഗങ്ങൾ ചിതറുന്നതു ഞാൻ കണ്ടില്ല. നവദ്വാരങ്ങളിൽ ഏതിലെല്ലാമോ നിന്ന് ചൂടുജലം ബഹിർഗമിച്ചു. "സ്കൂളിൽ പോകണ്ട, വാ" എന്നു പറഞ്ഞ് വീടിനെലക്ഷ്യമാക്കി നടന്നു. ചെമ്മൺ പാതയിൽ മൂത്രം കൊണ്ടു വക്രരേഖ വരയ്ക്കുന്ന വണ്ടിക്കാളയെ പോലെ ഞാൻ പിൻതുടർന്നു.

വീട്ടിലെ സിമന്റു തറയിൽ, പഴയകാലത്തെ തമിഴ് ചവിട്ടു നാടകത്തിലെ ഒരു സീൻ അദ്ദേഹം ആടിതകർത്തു. എന്റെ ന്യായവാദവും യുക്തിവാദവുമെല്ലാം സിംഹഗർജ്ജനത്തിനിടയിലെ മാർജ്ജാര വിലാപം പോൽ അപ്രസക്തമായി. അങ്ങനെ രാവിലത്തെ session അവസാനിച്ചു. ഉച്ചയ്ക്ക് ഒരു കടലാസ് കയ്യിൽ തന്നുകൊണ്ടു പറഞ്ഞു. "ഇത് സാറിന്റെ കയ്യിൽ കൊടുത്താൽ മതി. പൊക്കോ." വഴിയിൽ വച്ച് കടലാസ് നിവർത്തി നോക്കി. അതിൽ ഇങ്ങനെഎഴുതിയിരുന്നു. "കുട്ടിയെ താമസിപ്പിച്ചതു ഞാനാണ്. അവനെക്ലാസിൽ കയറ്റണം." അവിടെയും കയറ്റണം എന്ന ആജ്ഞയാണ്.

മറ്റൊരിയ്ക്കൽ ..... മൂട്ടിൽ തിരിച്ചാൽ മുനകയറുന്ന ഒരു പുതിയതരം പെൻസിൽ വിപണിയിലിറങ്ങി. അതൊരെണ്ണം സ്വന്തമാക്കണമെന്ന ആഗ്രഹം മേലാവിലറിയിച്ചു. അപേക്ഷ നിഷ്കരുണം തള്ള

പ്പെട്ടു. അപേക്ഷകൻ ഹൃദയവേദനയോടെ ക്രോധാഗാരം പൂകി. ആരുമില്ലാത്തവന് ദൈവമുണ്ട് എന്നാണല്ലോ ചൊല്ല്. അടുത്ത ദിവസം സ്കൂളിൽ നിന്നു വരുന്നവഴി അതൊരെണ്ണം വഴിയിൽ കിടന്നു കിട്ടി.

വീട്ടിലേയ്ക്കോടി അമ്മയെ കാണിച്ചു. അച്ഛൻ വരാൻ കാത്തിരുന്നു. വന്നപാടെ വിവരം ധരിപ്പിച്ചു. പെൻസിൽ വാങ്ങി തിരിച്ചും മറിച്ചും നോക്കി. ഒരു ഭാവഭേദവും കൂടാതെ തിരികെ തന്നു. കാര്യം പന്തിയല്ലെന്നു മനസ്സു പറഞ്ഞു. രാത്രിയിൽ അത്താഴം കഴിഞ്ഞ് കിടക്കാൻ ഒരുങ്ങുമ്പോൾ വിളിവന്നു. മോനേ, ആ പെൻസിൽ എവിടുന്നു മോഷ്ടിച്ചതാ? മീനമാസത്തിലെ കൊടും ചൂടിൽ പഴുത്തു കിടന്ന ഇരുമ്പുകസേരയിൽ അറിയാതെ ഇരുന്നാലെന്ന പോലെ ഞാൻ ഞെട്ടിപ്പോയി. ആണയിട്ടു, സത്യം ചെയ്തു പറഞ്ഞു മോഷ്ടിച്ചതല്ലെന്ന്. ആരു വിശ്വസിക്കാൻ! മരിക്കുന്നതിനു തലേദിവസം കൂടി പറഞ്ഞു, മോനെ, സത്യം പറ, ആ പെൻസിൽ എവിടന്നു മോഷ്ടിച്ചതാ? പഴയ മറുപടിയല്ലാതെ ഞാനെന്തുപറയാൻ!

മരിക്കാൻ എനിക്കു പേടിയാണ്. മരണത്തെയല്ല ഭയം. മരിച്ചു മുകളിലോട്ടു ചെല്ലുമ്പോൾ പരലോകത്തിന്റെ വാതിലടഞ്ഞുനിന്ന് മോനേ, ആ പെൻസിൽ എവിടന്നു മോഷ്ടിച്ചതാണെന്നിനിയെങ്കിലും പറ എന്നച്ഛൻ പറഞ്ഞാലോ! ഒരു പുതിയ ത്രിശങ്കുവായി ഞാൻ മാറും. ഇപ്പോൾ അതും വലിയ റിസ്കാ. ഒറിജിനൽ ത്രിശങ്കുവിന് ഒന്നും പേടിയ്ക്കാനില്ലായിരുന്നു. ഇന്നത്തെ സ്ഥിതിയതല്ല. ലോകരാഷ്ട്രങ്ങൾ വിട്ട കൃത്രിമ ഉപഗ്രഹങ്ങളും മിസ്സൈലും അതും ഇതും എല്ലാം ശൂന്യാകാശത്തിലൂടെ പാഞ്ഞുപൊയ്ക്കൊണ്ടിരിയ്ക്കുകയാണ്. അതിലൊരെണ്ണം വന്നിടിച്ചാൽ..... ചൊവ്വയിൽ വന്നു വീഴുന്ന ആദ്യ എല്ലുപൊടിയുടെ അവകാശി എന്ന പേരിൽ ഗിന്നസ് ബുക്കിൽ എന്റെ പേരും വരും.

മക്കൾ തന്നോളമായാൽ താനെന്നു കരുതണം എന്ന വ്യവസ്ഥയെ അംഗീകരിയ്ക്കുന്നവരാണ് പാവം അച്ഛന്മാർ. അങ്ങനെയൊരച്ഛനെപരിചയപ്പെടാം. വൈകുന്നേരങ്ങളിൽ രണ്ടു സ്മാൾ അടിയ്ക്കുന്ന സ്വഭാവക്കാരൻ. ആ സമയത്ത് സ്വന്തം മക്കൾ അതിലെ കടന്നുപോയാൽ എടാ, ഒരു സ്മോളടിയ്ക്കുന്നോ എന്നു ചോദിയ്ക്കും. വെറുതെ ചോദിക്കുന്നതായിരുന്നില്ല. Yes എന്നാണുത്തരമെങ്കിൽ കൊടുക്കുവാൻ മടിയുണ്ടായിരുന്നില്ല.

മൂത്തമകൻ B.Sc. യ്ക്കു പഠിയ്ക്കുമ്പോൾ ഒന്നു പ്രേമിച്ചു. വിവരം അച്ഛനറിഞ്ഞു. പരിചയക്കാരനായ വേലായുധന്റെ മകൾ അമ്മിണിക്കുട്ടിയാണ് കാമുകി എന്നും അറിഞ്ഞു. വീട്ടിലെത്തിയ ഉടൻ ഭാര്യയെ വിളിച്ചു വിവരം പറഞ്ഞു. നാലുവരി കവിതയിൽ കാച്ചി.

കടിഞ്ഞൂൽ പൊട്ടനു വരിയായ് വരുന്നവൾ (വരി-വരന്റെ സ്ത്രീലിംഗം).

ആരെന്നറിയണ്ടേ? ധർമ്മദാരമേ, ആ വേലായുധന്റെ മകളൊരുത്തിയില്ലയോ സാരസാക്ഷി, ആനമണ്ടി അമ്മിണിക്കുട്ടി.

ഇതാണ് പാവമച്ഛൻ. എല്ലാ കാര്യത്തിലും സ്വാഭാവികതയും സാധാരണത്വവും കാണുന്നയാൾ. വഴക്കില്ല, ദേഷ്യമില്ല, സമന്വയത്തിന്റെ പാതയിൽ സഞ്ചരിക്കും. ഭാര്യയുടേയും മക്കളുടേയും താളത്തിനു തുള്ളുന്നയാൾ എന്നതിനർത്ഥമില്ല.

പെരുന്തച്ചന്റെ കഥ കേൾക്കാത്തവരുണ്ടാവില്ലല്ലോ. സ്വന്തം മകനായാൽ പോലും തന്നേക്കാൾ പ്രഗത്ഭനും പ്രതിഭാശാലിയുമാവുന്നത് സഹിയ്ക്കുവാനാവാത്ത പ്രകൃതത്തിനുടമകളെല്ലാം പെരുന്തച്ചൻ വിഭാഗത്തിൽ പെടും. അങ്ങനെയുള്ള മക്കളെ ഒതുക്കുവാൻ ഏതു ഹീനമാർഗ്ഗവും സ്വീകരിയ്ക്കാൻ ഈ പെരുന്തച്ചനച്ഛന്മാർക്കു മടിയില്ല. അങ്ങനെയൊരച്ഛനാണ് ബാലൻപിള്ള സാർ. തന്നെക്കാൾ കേമൻ ആരുമില്ലായെന്നാണ് അദ്ദേഹത്തിന്റെ ഭാവം.

എൽ.കെ.ജി. മുതൽ പ്ലസ് 2 വരെയുള്ള ഒരു വലിയ വിദ്യാലയത്തിലെ പ്രൈമറി വിഭാഗം H.M. ആണദ്ദേഹം. സ്കൂൾ ഇന്നത്തെ നിലയിലായതിന് കാരണക്കാരൻ താനെന്നാണ് അവകാശവാദം. ഒരു മകനുണ്ട്, ബിരുദാനന്തര ബിരുദവും M.Ed-ഉം ഉള്ള തൊഴിൽ രഹിതൻ. പേര് ഗണപതി. ഹൈസ്കൂളിൽ ഒരു വേക്കൻസി ഉണ്ടായപ്പോൾ മകനുവേണ്ടി അദ്ദേഹം മാനേജരെ കണ്ടു. മറ്റാരെയോ മനസ്സിൽ കണ്ടിരുന്ന മാനേജർ കൈമലർത്തി. ബാലൻപിള്ള ക്രൂദ്ധനായി. സ്കൂളിനുവേണ്ടി താനനുഷ്ഠിച്ച സേവനവും ത്യാഗവുമെല്ലാം അക്കമിട്ടു നിരത്തി. ഗത്യന്തരമില്ലാതെ മാനേജർ വഴങ്ങി. അച്ഛനും മകനും ഒരേ സ്കൂളിലെ അദ്ധ്യാപകരായി. പോക്കും വരവുമെല്ലാം ഒരുമിച്ച്.

അങ്ങനെയിരിയ്ക്കെ അനാരോഗ്യപരമായ കാരണങ്ങളാൽ H.S. ഹെഡ്മാസ്റ്റർ നീണ്ട അവധിയിൽ പ്രവേശിച്ചു. മാനേജർ, ചെറുപ്പക്കാരനും മിടുക്കനുമായ ഗണപതിയെ ആ ചുമതലയേൽപിച്ചു. തന്നോടു ചോദിയ്ക്കാതെയുള്ള മാനേജരുടെ പ്രവൃത്തിയിൽ ബാലൻപിള്ള നീരസം പ്രകടിപ്പിച്ചു. അച്ഛനേക്കാൾ മകൻ വലിയവനായി എന്ന തോന്നൽ അദ്ദേഹത്തെ അസ്വസ്ഥനാക്കി. അച്ഛന്റെ ഉള്ളിലെ പെരുന്തച്ചൻ ഉണർന്നു മകനോടു പറഞ്ഞു. H.M. ചുമതല വഹിയ്ക്കുവാനുള്ള പക്വതയും പരിചയവും നിനക്കില്ല. അതുകൊണ്ട് ആ സ്ഥാനം വേണ്ടെന്നു വച്ചേരെ.

അതു സാരമില്ലച്ഛാ, ഇതൊരന്തസ്സല്ലേ.

അന്തസ്സു പോവാതിരിയ്ക്കാനാ ഞാൻ പറഞ്ഞത്. അതങ്ങനുസരിച്ചാൽ മതി.

അത് .........

വാചകം പൂർത്തിയാക്കാതെ മകൻ പോയി. മകന്റെ അനുസരണക്കേട് അച്ഛന്റെ ഉള്ളിൽ തീജ്വാലകളുയർത്തി. എല്ലാ ദേഷ്യവും തീർക്കാൻ ഒരിടല്ലേയുള്ളു, ഭാര്യ. അവരോടായി പിന്നെ ഗുസ്തി. നീ പറഞ്ഞ് അവനെഅനുസരിപ്പിയ്ക്കണം എന്നാജ്ഞാപിച്ചു. വീട്ടിൽ സൈര്യവും സമാധാനവുമില്ലാതായി. ഒടുവിൽ ......... പെറ്റമ്മയുടെ നിലയ്ക്കാത്ത കണ്ണീർ പ്രവാഹത്തിൽ മകന്റെ എതിർപ്പ് ഒലിച്ചുപോയി. അപ്പോഴും അച്ഛൻ അമ്മയോടു ചോദിച്ചു എന്നോട് ഇത്രയേറെ അനുസരണക്കേടു കാണിയ്ക്കുന്ന അവന്റെ തന്ത ഞാൻ തന്നെയാണോടി എന്ന ചോദ്യം അവന്റെ മനസ്സിൽ വല്ലാത്തൊരു നീറ്റലായവശേഷിച്ചു. ജോലി തന്നെ വേണ്ടെന്നു വച്ചാലോ എന്നാലോചിച്ചു. അമ്മ വിലക്കി. എന്നെ തോൽപിച്ചു അവൻ ജോലി ഉപേക്ഷിച്ചു, അല്ലേടി എന്നു പറഞ്ഞ് മറ്റൊരു പോർമുഖം തുറക്കും എന്ന അമ്മയുടെ അഭിപ്രായം ശരിയാണെന്നവനറിഞ്ഞു.

അടുത്തദിവസം തന്നെ മാനേജരെ കണ്ടു. പുതിയ ഉത്തരവാദിത്വത്തിൽ നിന്നൊഴിവാക്കണമെന്നപേക്ഷിച്ചു. ഇറങ്ങി വന്നപ്പോൾ പെരുന്തച്ചനച്ഛൻ മുന്നിൽ, അദ്ദേഹം ചിരിച്ചു. വിജയഹാസമോ, കൊലച്ചിരിയോ - ആരറിഞ്ഞു!

●

**പ്രതികരണം**

# ഏവൻഗേലിയോൻ വായനപ്പടി-2016

**ഫാ. ഷിബു കുര്യൻ**

നമ്മുടെ സഭയുടെ വേദവായനക്കുറിപ്പ് പരിഷ്ക്കരിച്ച് പുതിയ ഏവൻ ഗേലിയോൻ വായനപ്പടി ഉണ്ടാക്കുവാൻ പോകുന്നു എന്നറിഞ്ഞപ്പോൾ അതിന്റെ ഗുണനിലവാരം സംബന്ധിച്ച് അമിത പ്രതീക്ഷയൊന്നും ഉണ്ടായിരുന്നില്ല. "ഏവൻഗേലിയോൻ വായനപ്പടി-2016" കണ്ടപ്പോൾ എന്റെ കണക്കുകൂട്ടൽ ശരിയെന്ന് ബോധ്യമായിത്തീരുകയാണുണ്ടായത്. പുസ്തകം എന്റെ കൈവശം എത്തിയ ശേഷം ആദ്യം വന്ന ഞായറാഴ്ചയിലെ ഏവൻഗേലിയോൻ-ഏലിശുബ-മറിയം സംഗമം-(ലൂക്കോ. 1:39-56) വായിച്ചു നോക്കിയ എനിക്ക് പുതിയ പുസ്തകം മാറ്റിമറിച്ച് ഏറെക്കാലമായി പള്ളിയിൽ ഉപയോഗിച്ചു വന്ന പഴയ വായനപ്പടി തന്നെ തുടർന്നും ഉപയോഗിക്കുവാൻ തീരുമാനിക്കേണ്ടതായി വന്നു.

ഓരോ സഭയ്ക്കും സ്വന്തമായി വേദവായനക്കുറിപ്പ് തയ്യാറാക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്. വേണ്ടത്ര ചരിത്രബോധമോ, ആരാധനാക്രമം സംബന്ധിച്ച വ്യക്തതയോ, ധാരണയോ, ഇല്ലാത്തവർക്ക് ഈ കൃത്യം താരതമ്യേന എളുപ്പവുമാണ്. 2007-ൽ പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് 1987-ലെ പരിഷ്കരണത്തിനു മുമ്പ് പരമ്പരാഗതമായി നിലവിലിരുന്ന വേദവായനക്കുറിപ്പുമായി താരതമ്യം ചെയ്തതാണ് പുതിയത് ചിട്ടപ്പെടുത്തിയിരിക്കുന്നതെന്ന് പ്രസാധകക്കുറിപ്പിൽ കാണുന്നു. എങ്കിൽപ്പിന്നെ ഈ താരതമ്യപഠനം 1987 ലെ ആദ്യ പരിഷ്കാരത്തിൽ തന്നെ ആകാമായിരുന്നല്ലോ. അന്ന് ആ പരിഷ്കാരം നടത്തിയത് എന്തടിസ്ഥാനത്തിലായിരുന്നു? പിന്നീടത് മാറ്റേണ്ടിവന്നത് എന്തുകൊണ്ടാണ്? ഇപ്പോൾ വീണ്ടും പഴയതുമായി താരതമ്യപഠനം നടത്താനുണ്ടായ പ്രചോദനം എന്താണ്? എന്നിവയെല്ലാം മറുപടി അർഹിക്കുന്ന ചോദ്യങ്ങളാണ്. ഒരുകാര്യം വ്യക്തം. ആവശ്യമായ ആലോചനയും ഒരുക്കവുമില്ലാതെയാണ് ഇതുപോലുള്ള സ്ഥായിയായ നടപടികൾക്ക് ചാടിപ്പുറപ്പെടുന്നത്. ഒന്നുകിൽ വേദവായനക്കുറിപ്പിന് പരിഷ്ക്കരണം ആവശ്യമില്ലെന്നു വയ്ക്കുക. പരമ്പരാഗത നിലയിൽ തന്നെ അതു തുടരട്ടെ. അല്ലെങ്കിൽ വേണ്ട ആലോചന, പഠനം, ഒരുക്കം എന്നിവയോടുകൂടി മാത്രം പരിഷ്ക്കരണത്തിനൊരുമ്പെടുക. അല്ലാതെ പരിഷ്കരണത്തിൽ നിന്ന് വീണ്ടും പാരമ്പര്യത്തിലേക്ക് മടങ്ങാതിരിക്കുകയാണ് ഉത്തമം. ഓരോ പത്തുവർഷത്തിലും വേദവായനക്കുറിപ്പ് പരിഷ്കരിക്കണമെന്നൊന്നുമില്ലല്ലോ.

എന്നാൽ കാലാകാലങ്ങളിൽ ഭാഷയുടെ രീതിയിലും ശൈലിയിലും വരുന്ന മാറ്റമനുസരിച്ച് വേദവായനപ്പടി നവീകരിക്കപ്പെടുക തന്നെ വേണം. കാരണം ഭാഷ നിരന്തരം മാറ്റത്തിനും വളർച്ചയ്ക്കും വിധേയമാണ്. മാത്രമല്ല, വേദപുസ്തക പഠനത്തിൽ നിന്ന് ലഭ്യമാകുന്ന പുതിയ അറിവുകൾ വിവർത്തനങ്ങളിൽ പ്രതിഫലിക്കുകയും വേണം. ഇതൊന്നം ഇല്ലാതെ വരുമ്പോഴാണ് വായനപ്പടി പരിഷ്കരണത്തിലെ അശ്രദ്ധ, അശാസ്ത്രീയത, അജ്ഞത എന്നിവയെല്ലാം പ്രകടമാകുന്നത്. ഒട്ടും തന്നെ ആധികാരികതയില്ലാത്ത തർജ്ജമയാണ് വായനപ്പടി-2016 ലേത്

എന്ന് തിരിച്ചറിയുവാൻ അതിലൂടെ കണ്ണോടിക്കുകയേ വേണ്ടൂ.

ഈ വിവർത്തനത്തിന്റെ ആധികാരികത സംബന്ധിച്ച് പ്രസാധകക്കുറിപ്പിൽ പറയുന്നുണ്ട്. പാമ്പാക്കുടയിൽ നിന്ന് പ്രസിദ്ധീകരിച്ച 'പെഷീത്താ'യുടെ മലയാള വിവർത്തനം അധികരിച്ചാണ് വായനപ്പടി ക്രമീകരിച്ചിരിക്കുന്നതത്രേ. 'പെഷീത്ത' എന്നത് ക്രിസ്തുവർഷം 400-ൽ പുതിയ നിയമ (New Testament)ത്തിന്റെ ഗ്രീക്ക് മൂലത്തിൽ നിന്ന് നടത്തിയ സുറിയാനി തർജ്ജമയാണ്. പെഷീത്ത എന്ന വാക്കിന്റെ അർത്ഥം തന്നെ 'ലളിതം,' 'സാധാരണം,' എന്നൊക്കെയാണ്. ഒരു ശാസ്ത്രീയമായ ഭാഷാന്തരമയി ഇതിനെ വേദ-ഭാഷാപണ്ഡിതന്മാർ അംഗീകരിച്ചിട്ടില്ല. മാത്രമല്ല ഇതൊരു തർജ്ജമയാണ്. മൂലമല്ല, പാമ്പാക്കുടയിൽ നിന്നു പ്രസിദ്ധീകരിച്ചത് ഈ തർജ്ജമയുടെ വിവർത്തനം മാത്രമാണ്. അതുകൊണ്ടു തന്നെ വേദവായനപ്പടിയുടെ ആധികാരികത ചോദ്യം ചെയ്യപ്പെടുന്നു. ഇക്കാലത്ത് പുതിയ നിയമം വിവർത്തനം ചെയ്യുന്നവരെല്ലാം ഗ്രീക്ക് മൂലകൃതിയുടെ വിവിധ രൂപങ്ങൾ (versions) പഠിച്ചാണ് അതുനിർവ്വഹിക്കുന്നത്. അപ്പോൾ മാത്രമേ അവ തിരുവചനത്തിന്റെ ആധികാരിക മൊഴിമാറ്റം ആവുകയുള്ളു. കേരളത്തില കത്തോലിക്കാ സഭ പ്രസിദ്ധീകരിച്ചിട്ടുള്ള P.O.C. ബൈബിൾ ഇത്തരമൊന്നാണ്. ബൈബിൾ സൊസൈറ്റിയുടെ വക തർജ്ജമയും ഏറെക്കുറെ ഇതുപോലെയുള്ളതാണെന്നു പറയാം. എന്നാൽ സുറിയാനിയിൽ നിന്നുള്ള വിവർത്തനം ഏവൻഗേലിയോൻ വായനപ്പടി ആയി ഉപയോഗിക്കുവാൻ ആധികാരികതയുള്ളതല്ല. മൂലഭാഷയിൽ നിന്ന് ഏവൻഗേലിയോന്റെ ആധികാരികവിവർത്തനം നടത്തി വായനപ്പടി തയ്യാറാക്കുകയായിരുന്നു വേണ്ടത്. അതിനുള്ള ഭാഷാ ജ്ഞാനം നമ്മുടെ സഭയിലുള്ളവർക്കില്ലെങ്കിൽ വിനയപൂർവ്വം P.O.C. വിവർത്തനം ഉപയോഗപ്പെടുത്തുകയോ, അതിനുള്ള എളിമ തോന്നാത്ത പക്ഷം N.R.S.Vയുടെ പരിഭാഷ സൃഷ്ടിക്ക് പ്രയോജനപ്പെടുത്തുകയോ ആകാമായിരുന്നു.

രണ്ടാമതായി പറയാനുള്ളത് ഇപ്പോൾ നിർവ്വഹിക്കപ്പെട്ടിരിക്കുന്ന മലയാളവിവർത്തനത്തിന്റെ കാര്യമാണ്. അതിന് നിലവാരവും ആധികാരികതയും അവകാശപ്പെടാൻ കഴിയില്ല. പെഷിത്തായുടെ ഏതോ ഒരു സുറിയാനി വിവർത്തനം ആധാരമാക്കിയുള്ള വിവർത്തനമാണിത്. ലഭ്യമായ സുറിയാനി കൈയെഴുത്തുകൾ എല്ലാം പരിശോധിച്ച് ശാസ്ത്രീയമായി നടത്തിയെ ഒരു പെഷീത്താ വിവർത്തനവും, മലയാളത്തിലില്ല. ഇത് തർജ്ജമയുടെ ആധികാരികത പരിമിതപ്പെടുത്തുന്നു. വേദപുസ്തക തർജ്ജമ ആധുനികകാലത്ത് ഒരു പണ്ഡിത സംഘത്തിന്റെ കൂട്ടായ ശ്രമമായിട്ടാണ് നിർവ്വഹിക്കപ്പെടാറുള്ളത്. എന്നാൽ സുറിയാനിയിൽ നിന്നുള്ള മലയാള പരിഭാഷ ഒരിക്കലും ഒരുസംഘ യത്നമായി നടന്നിട്ടില്ല. സ്വന്തം അറിവിലും, ഭാഷാ സ്വാധീനത്തിലും അമിത ബോധ്യമുള്ള ഏതെങ്കിലും മല്പാൻ പരസഹായം കൂടാതെ നടത്തിയ തർജ്ജമകളേ നിലവിലുള്ളു. അതുകൊണ്ട് അവയിൽ പോരായ്മകളും സ്ഖലിതങ്ങളും സ്വഭാവികമാണ്. അത്തരം ഒന്നാണ് പുതിയ വായനപ്പടിക്കും ആധാരമെന്ന് ഓർക്കണം.

എന്നാൽ പാമ്പാക്കുട തർജ്ജമയിൽ പണ്ഡിതന്മാർ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെന്നാണ് പ്രസാധകക്കുറിപ്പ് അവകാശപ്പെടുത്തുന്നത്. എങ്കിലും വായിച്ചപ്പോൾ മറിച്ചാണ് തോന്നിയത്. സാമാന്യം തരക്കേടില്ലാത്തവിധം കോനാട്ട് വന്ദ്യ ദിവ്യശ്രീ. മാത്തൻ മല്പാൻ ചെയ്തിട്ടുള്ള പെഷീത്ത വിവർത്തനത്തിൽ ആവശ്യമില്ലാത്ത മാറ്റങ്ങൾ വരുത്തി തെറ്റുകൾ വർദ്ധിപ്പിച്ച് പാഠങ്ങൾ കൂടുതൽ വികൃതമാക്കിയിട്ടുള്ളതായാണ് പ്രാഥമിക നിരീക്ഷണത്തിൽ എനിക്കു തോന്നുന്നത്. വായനാഭാഗങ്ങൾ ഓരോന്നായി പഠനവിഷയമാകുമ്പോൾ അത് വിശദീകരിക്കാനാവും.

പ്രാരംഭ നിരീക്ഷണങ്ങൾ

(1) വായനപ്പടികൾ പുന:ക്രമീകരിക്കുമ്പോൾ പാരമ്പരാഗതമായി നിലവിലിരിക്കുന്ന വേദവായനക്കുറിപ്പിനോട് കഴിവതും വിശ്വസ്തത പുലർത്തിക്കൊണ്ട് അതു നിർവ്വഹിക്കേണ്ടതാണ്. അത്യാവശ്യമാറ്റങ്ങളേ വരുത്തേണ്ടതുള്ള (2) ഭേദങ്ങൾ വരുത്തുന്നുവെങ്കിൽ അത് ആവശ്യമായ പഠനങ്ങളുടെ വെളിച്ചത്തിലായിരിക്കണം. ഓരോ മാറ്റത്തിനും മതിയായകാരണവും അതിനുള്ള ആധികാരിക തെളിവും വേണം. 1987-ൽ വായനക്കുറിപ്പിൽ വരുത്തിയ മാറ്റങ്ങൾ പുനപരിശോധിക്കേണ്ടി വന്നത് മതിയായ പഠനവും ഒരുക്കവും ഇല്ലാതെ പോയതുമൂലമാണ്. (3) വേദവായനപ്പടിയുടെ രചന ആധികാരിക ഗ്രീക്ക് മൂലത്തിന്റ അടിസ്ഥാനത്തിലായിരിക്കണം. (4) അത് നിർവ്വഹിക്കുന്നത് ഒരു വിദഗ്ധ സംഘത്തിന്റെ കൂട്ടായ ശ്രമമായി വേണം (5) മൂലത്തിന്റെ ഭാഷാന്തരം തർക്കങ്ങൾക്കോ, ഭിന്ന വ്യാഖ്യാനങ്ങൾക്കോ, സംശയങ്ങൾക്കോ ഇടം നൽകാത്തവിധം കൃത്യത (accuracy) ഉള്ളതായിരിക്കണം. വികലമായ തർജ്ജമയും ക്രമീകരണവും ശ്രേഷ്ഠാനുമതി കൊണ്ടു മാത്രം ശരിപ്പെടുത്താവുന്നതല്ല (6) വേദവായനപ്പടിയുടെ പരിഷ്കാരം കാലാധിഷ്ഠിതമല്ല, ആവശ്യാനുസൃതം ആയിരിക്കണം.

*(തുടരും)*

ചരിത്രം

# മലയാള വേദപുസ്തകത്തിന്റെ കഥ

**ബിജു ഏലിയാസ്**

എ.ഡി. 52-ൽ ക്രിസ്തു ശിഷ്യനായ മാർതോമ്മ സുവിശേഷ ഘോഷണാർത്ഥം കേരളത്തിൽ എത്തിയെന്നും അക്കാലം മുതൽ ഇവിടെ ക്രിസ്ത്യാനികൾ ഉണ്ട് എന്നുമാണ് പാരമ്പര്യം പറയുന്നത്. അങ്ങനെയെങ്കിൽ അവർക്ക് 20 നൂറ്റാണ്ടുകളോളം നീണ്ട ചരിത്രമുണ്ട്. എന്നാൽ ഈ പുരാതന അപ്പോസ്തോലിക സഭയ്ക്ക് തിരുവചനം മാതൃഭാഷയിൽ ലഭ്യമാകുന്നതിന് 18 നൂറ്റാണ്ടുമുതൽ കാത്തിരിക്കേണ്ടി വന്നു. തിരുവെഴുത്തിന്റെ ഭാഷാന്തരശ്രമം അതിനുമുമ്പ് നടന്നിട്ടുള്ളതായി ചരിത്രസൂചനകൾ ഒന്നുമില്ല. തിരുവചനം ജനത്തിന്റെ ഭാഷയിലേക്ക് വിവർത്തനം ചയ്യുക എന്നത് സഭയ്ക്ക് ആധ്യാത്മിക നേതൃത്വം നൽകിയ കൽദായ-കത്തോലിക്ക-സുറിയാനി സഭാനേതാക്കന്മാർക്ക് ഒരിക്കലും ചിന്താവിഷയമായിരുന്നില്ല. ബ്രിട്ടീഷ് മിഷണറിമാർ ഇവിടെ വന്നശേഷമാണ് വേദപുസ്തകത്തിന്റെ മലയാള പരിഭാഷയെക്കുറിച്ച് ആലോചന ആരംഭിച്ചത്.

ക്ലൗദിയസ് ബുക്കാനൻ എന്ന ബ്രിട്ടീഷ് മിഷനറി 1806-ൽ ഇന്ത്യയിലെത്തി. അന്നത്തെ സുറിയാനി സഭാമേലദ്ധ്യക്ഷനായിരുന്ന മാർത്തോമ്മാ ആറാമൻ (ദീവന്നോസ്യോസ്-I) അദ്ദേഹവുമായി കണ്ടനാടു പള്ളിയിൽവച്ചു കൂടിക്കാഴ്ചനടത്തി. ആ സമയം ഇവിടെ സൂക്ഷിച്ചിരുന്ന ഒരു സുറിയാനി വേദപുസ്തകം മെത്രാപ്പോലീത്ത അദ്ദേഹത്തിന് പാരിതോഷികമായി നൽകി. അതുപരിശോധിച്ച അദ്ദേഹം സുറിയാനി വേദപുസ്തകം മലയാളത്തിലേക്ക് തർജ്ജമ ചെയ്യുവാനുള്ള നിർദ്ദേശം മെത്രാപ്പോലീത്തയുടെ മുമ്പാകെ വച്ചു. അതിൻപ്രകാരം മാർത്തോമ്മാ ആറാമൻ കായംകുളം ഫിലിപ്പോസ് റമ്പാനെ അക്കാര്യം ചുമതലപ്പെടുത്തി. ചെങ്ങന്നൂർ സുറിയാനിപ്പള്ളിയിൽ സൂക്ഷിച്ചിരുന്ന സുറിയാനി വേദപുസ്തകത്തിൽ നിന്ന് പകർത്തിയ ഒരു പുതിയ നിയമ (New Testament) പുസ്തകത്തിൽ നിന്നാണ് ഫിലിപ്പോസ് റമ്പാൻ നാല് സുവിശേഷങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പടുത്തിയത്.

1807-ൽ ബുക്കാനൻ വീണ്ടും കേരളത്തിൽ വരികയും അതിനോടകം പൂർത്തിയാക്കിയിരുന്ന 4 സുവിശേഷങ്ങൾ ബോംബെയിലേക്ക് കൊണ്ടുപോവുകയും അവിടെ കുറിയർപ്രസ്സിൽ അത് അച്ചടിപ്പിച്ച് നൂറുകോപ്പികൾ ഇടവകകളിൽ വിതരണം ചെയ്യുന്നതിനായി കേരളത്തിൽ എത്തിക്കുകയും അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന മാർത്തോമ്മ-എട്ടാമനെ അവ ഏൽപ്പിക്കുകയും ചെയ്തു. മലയാളത്തിൽ അച്ചടിപ്പിക്കപ്പെട്ട അക്കാലത്തെ ഏറ്റവും വലിയ പുസ്തകമായിരുന്നു നാലു സുവിശേഷങ്ങൾ അടങ്ങുന്ന ആ ഗ്രന്ഥം. മലങ്കരസഭയിൽ അവശേഷിക്കുന്ന അതിന്റെ ഏകപ്രതി പാമ്പാക്കുടയിലുള്ള സമന്വയ ആർക്കൈവ്സിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ശ്രീ ജോർജ്ജ് പോൾ (ബാംഗ്ലൂർ)തന്റെ ഗ്രന്ഥശേഖരത്തിൽ നിന്ന് സന്തോഷപൂർവ്വം നൽകിയ ഒരു അമൂല്യ നിധിയാണ് ഈ പുസ്തകം. സുറിയാനി സഭയുടെതായി പുതിയ നിയമം പിന്നീട് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തത് 1920കളിൽ കോനാട്ട് ബ. മാത്തൻ മല്പാനാണ്. ഏറെക്കാലം കഴിഞ്ഞ് 1994 ആഗസ്റ്റ് 2ന് വിശുദ്ധ ഗ്രന്ഥം എന്ന പേരിൽ സമ്പൂർണ്ണ വേദപുസ്തകത്തിന്റെ ഭാഷാന്തരം കണിയാംപറമ്പിൽ ഡോ. കുര്യൻ കോർ എപ്പിസ്കോപ്പ നിർവ്വഹിക്കുകയുണ്ടായി.

ആദ്യ സംരംഭമെന്ന നിലയിൽ 'റമ്പാൻ ബൈബിൾ' പ്രാധാന്യം അർഹിക്കുന്നുവെങ്കിലും അത് അപൂർണ്ണവും അപര്യാപ്തവുമായിരുന്നു. അതിനാൽ ഒരു സമ്പൂർണ്ണ വേദപുസ്തക പരിഭാഷക്കുള്ള ശ്രമം ആരംഭിച്ചു. സി.എം.എസ്. മിഷനറി ആയിരുന്ന ബെഞ്ചമിൻ ബെയ്‌ലിയായിരുന്നു അതിന് മുമ്പിൽ നിന്നു പ്രവർത്തിച്ചത്. ബൈബിൾ സൊസൈറ്റിയുടെ അംഗീകാരത്തിനായി തർജ്ജമ പലവട്ടം പരിഷ്കരിക്കേണ്ടി വന്നു. 1829-ൽ പുതിയ നിയമ തർജ്ജമയുടെ 5000 കോപ്പികൾ അച്ചടിച്ചുകിട്ടി. എന്നാൽ 1841-ൽ ആണ് സമ്പൂർണ്ണ മലയാള വേദപുസ്തകത്തിന്റെ പ്രസിദ്ധീകരണം സാധ്യമായത്. അതിന്റെ പരിഭാഷയ്ക്ക് കൊച്ചിയിലെ ഒരു യഹൂദ പണ്ഡിതനായ മോശ ഇസാർഫത്തി, ചില സവർണ്ണ ഹിന്ദു മലയാള മുൻഷിമാർ എന്നിവരുടെ സഹായവും പ്രയോജനപ്പെടുത്തി. ഒരു നിഘണ്ടുവോ, വ്യാകരണ ഗ്രന്ഥമോ പരിശോധന (reference) ക്കില്ലാതിരുന്ന അക്കാലത്ത്

**ആശംസകൾ**

സന്തോഷപ്രദമായ ക്രിസ്മസിന്റെയും ഐശ്വര്യപൂർണ്ണമായ നവവത്സരത്തിന്റെയും ഊഷ്മളാശംസകൾ കണ്ടനാട് ഡയോസിസൻ ബുള്ളറ്റിൻ എല്ലാ വായനക്കാർക്കും നേരുന്നു.

ചീഫ് എഡിറ്റർ

RNI No. KERMAL/2012/46014 Date of Publication 15-12-2016 Licence No. KL/CR/ALU/WPP-04/2016-18
Reg. No. KL/ALY/0067/2016-2018 Price Rs. 10/- Licensed to Post Without Pre-payment



ഭംഗിയായി തർജ്ജമ പൂർത്തിയാക്കി മുദ്രണം നിർവ്വഹിച്ച സി.എം.എസ്. മിഷനറിമാരോട് കേരള ക്രൈസ്തവ സമൂഹം ഏറെ കടപ്പെട്ടിരിക്കുന്നു. ഇത്രയും നല്ല നിലവാരത്തിലും ഭാഷാ ശുദ്ധിയോടെയും സത്യവേദപുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ബൈബിൾ സൊസൈറ്റിയും അഭിനന്ദനം അർഹിക്കുന്നു. മറ്റേതൊരു ക്രിസ്തീയ സഭയ്ക്കുമൊപ്പം പഴക്കവും പാരമ്പര്യവും അവകാശപ്പെടുന്ന ഇവിടത്തെ സുറിയാനിസഭാ സമൂഹത്തിന് വേദപുസ്തകത്തിന്റെ ഒരു സമ്പൂർണ്ണ മലയാള പരിഭാഷ ലഭിക്കുവാൻ ആംഗ്ലിക്കൻ മിഷനറിമാർ ഇവിടെ എത്തുന്നതുവരെ കാത്തിരിക്കേണ്ടി വന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടത്തെ സഭാനേതാക്കൾക്കൊ, മാറിമാറി ഇവിടെ അധികാരസ്ഥാപനത്തിനു ശ്രമിച്ച വിദേശ സഭാധികാരികൾക്കൊ ഇവിടത്തെ ക്രിസ്ത്യാനികൾക്ക് മാതൃഭാഷയിലുള്ള ഒരു വേദപുസ്തകത്തിന്റെ ആവശ്യം ബോധ്യപ്പെട്ടിരുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്.

രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം കത്തോലിക്കാ സഭയിൽ തിരുവചനപഠനം വ്യാപകമാകാൻ തുടങ്ങി.. ആദ്യമായി ആ സഭയിൽ സമ്പൂർണ്ണ ബൈബിൾ മൊഴിമാറ്റം നിർവ്വഹിച്ചത് ഫാ. ഡോ. തോമസ് മൂത്തേടൻ ആണ്. 'വിശുദ്ധഗ്രന്ഥം' എന്ന പേരിലുള്ള ആ ബൈബിളിന്റെ പ്രസിദ്ധീകരണം ആരംഭിച്ചത് 1963-ൽ ആണ്. പിന്നീട് പി.ഒ.സി. ബൈബിൾ 1981-ലും ഓശാന ബൈബിൾ (മലയാളം ബൈബിൾ) 1983ലും പുറത്തു വന്നു.

ഇന്റർ ഡിനോമിനേഷൻ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ പ്രസിദ്ധീകരണമായ വിശുദ്ധ സത്യ വേദപുസ്തകം മലയാള വേദപുസ്തക പ്രസിദ്ധീകരണ രംഗത്തെ മറ്റൊരു നേട്ടമാണ്. 2003-ൽ ആണ് ഇത് പ്രസിദ്ധീകരിക്കപ്പെട്ടത്.

### ഏകദിന ധ്യാനയോഗം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മർത്തമറിയം വനിതാസമാജത്തിന്റെ ഒരു ഏകദിനധ്യാനയോഗം 2016 ഡിസംബർ 3-ാം തീയതി ശനിയാഴ്ച മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് സ്റ്റഡി സെന്ററിൽ വച്ച് നടന്നു. രാവിലെ 9.50 ന് പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. വി. ലൂക്കോസ് 10-ാം അദ്ധ്യായം 30 മുതൽ 37 വരെയുള്ള വാക്യങ്ങളിലെ കേന്ദ്ര ആശയമായ 'ആരെയും പിന്തള്ളാതിരിക്കുക' എന്നതായിരുന്നു യോഗത്തിലെ ചിന്താവിഷയം. ഭദ്രാസനമെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് അദ്ധ്യക്ഷത വഹിക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. മാമലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് സുറിയാനി പള്ളി വികാരി ഫാ. ജോർജ്ജ് വേമ്പനാട്ട് സ്വാഗതം ആശംസിച്ചു. ഫാ. ഡോ. അഗസ്റ്റിൻ പുല്ലുകാലായിൽ ചിന്താവിഷയം ആസ്പദമാക്കി മുഖ്യപ്രഭാഷണം നടത്തി. വെരി. റവ. ചിറക്കടക്കുന്നേൽ ജോൺ കോർ എപ്പിസ്കോപ്പ സമാപനസന്ദേശം നൽകി. ഭദ്രാസനത്തിലെ എല്ലാ പള്ളികളെയും പ്രതിനിധാനം ചെയ്ത് സമാജാംഗങ്ങൾ ധ്യാനയോഗത്തിൽ പങ്കെടുത്തു. വനിതാസമാജം വൈസ് പ്രസിഡന്റ് ഫാ. മേരീദാസ് സ്റ്റീഫൻ, സെക്രട്ടറി റീന ജോയ്, ജോ. സെക്രട്ടറി മിനുമറിയം തുടങ്ങിയവർ സമ്മേളനത്തിന്റെ മുഖ്യ സംഘാടകരായിരുന്നു.


## ഗിലയാദ് മരിയൻ ഓർഫനേജ് & റീട്രീറ്റ് സെന്റർ

**വടകര, കൂത്താട്ടുകുളം**

**Ph: 9961636342, 9446450231**

വി. കുർബ്ബാനാനുഭവ ധ്യാനം : ശനി 8 a.m. to 12.30 p.m.

മദ്ധ്യസ്ഥപ്രാർത്ഥന : ബുധൻ, വെള്ളി ദിവസങ്ങളിൽ 9 a.m. to 1.00 p.m.

ഞായർ വി. കുർബ്ബാന : 6.30 a.m. to 8.30 a.m.

വയോഭവനിൽ സൗജന്യമായും അല്ലാതെയും താമസസൗകര്യം ലഭ്യമാണ്.


## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.
ആയുഷ്ക്കാലം - 1000 രൂ.
വിദേശത്ത് - 6000 രൂ. (100 ഡോളർ)

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop's House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha